
# ക്രൈസ്തവ വനിത

(ഒരു ഗുഡ്ന്യൂസ് എജ്യൂക്കേഷണൽ സൊസൈറ്റി പ്രസിദ്ധീകരണം)

JANUARY - FEBRUARY 2025 No. 1/25



# CHRAISTHAVA VANITHA

*For Private Circulation Only*

Founder Editor

**Annamma Charles John**

(A Good News Educational Society Publication)

**This is a publication solely for the propagation of the Word of God and thus for the encouragement and edification of the people of God**

**Editorial Committee**

**Mrs.Mary Anchan, Mrs. Sherine Kingston, Mrs. Sobha Selin, Mr. George John**

**Articles for publication should be sent to: Mrs. Sherine Kingston, P.O. Box 2501, MCPO Trivandrum 695011 or by email to sherinekingston@gmail.com. Mob : +919087144349**

## ഉള്ളടക്കം


- ജ്ഞാനമുള്ള ഒരു സ്ത്രീ ........ 1
- നാലു പടകുകളും നാലു കാറ്റുകളും ........ 4
- ഞങ്ങൾക്കു ഒരു രാജാവിനെ ........ 7
- ഉൾമുറിയിലെ പതിയിരിപ്പുകാർ ........ 10
- പ്രത്യാശ നഷ്ടപ്പെട്ടവരോ? ........ 12
- വികാരം, വിചാരം, യുക്തി ........ 15
- സൗദി അറേബ്യ തുറന്ന വാതിൽ ........ 18
- കുടുംബത്തകർച്ചയുടെ വേരുകൾ ........ 21
- ക്രിസ്തുവാകുന്ന മൂലക്കല്ലിന്മേൽ ........ 25
- സ്വത്തിന് അവകാശി ........ 29
- ഒരു ദൈവിക പദ്ധതിയുടെ പരിസമാപ്തി ........ 33
- Quest -99 ........ cover iv

# ജ്ഞാനമുള്ള ഒരു സ്ത്രീ

2 ശമൂവേൽ 20:16

ജ്ഞാനിയെക്കുറിക്കുന്ന ഗ്രീക്കുപദമാണ് സൊഫൊസ്. ജ്ഞാന ലക്ഷണമാണ് സൗമ്യത. ദൈവത്തെ അന്വേഷിക്കുന്നവർക്ക് ദൈവം ജ്ഞാനം സൗജന്യമായി നല്കുന്നു. എന്നാൽ പരിഹാസി ഒരിക്കലും ജ്ഞാനം കണ്ടെത്തുന്നില്ല എന്ന് ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ പറയുന്നു (സദൃ.വാ.14:6). വേദപുസ്തകത്തിൽ 2 ശമൂവേൽ 20:16-ൽ പേര് പറയപ്പെടാത്ത ഒരു സ്ത്രീയെക്കുറിച്ച് പറഞ്ഞിരിക്കുന്നു. അവളെ അറിയപ്പെടുന്നത് ജ്ഞാനമുള്ള ഒരു സ്ത്രീ എന്നാണ്. ഇവൾക്ക് വെറെ പേര് ഇല്ല. ദാവീദ് രാജാവിനെ വീണ്ടും രാജസ്ഥാനത്തേക്ക് മടക്കിക്കൊണ്ടു വരുന്ന കാര്യത്തിൽ മറ്റു ഗോത്രങ്ങളെ ക്ഷണിക്കാതെ യഹൂദാ ഗോത്രം മുൻകൈയെടുത്തതുകൊണ്ടു യിസ്രായേൽ പുരുഷന്മാർക്കും യഹൂദാപുരുഷന്മാർക്കും തമ്മിൽ കലഹമുണ്ടായി. 20-ാം അദ്ധ്യായം വായിക്കുമ്പോൾ ബെന്യാമീന്യനായ ബിക്രിയുടെ മകനായ ശേബ എന്നു പേരുള്ള ഒരു നീചൻ അവിടെ ഉണ്ടായിരുന്നു. അവൻ ദാവീദിനോടു എതിർത്തു യിസ്രായേൽ മക്കളെ തന്റെ പക്ഷം ചേർത്തു. എന്നാൽ യഹൂദാപുരുഷന്മാർ യോർദ്ദാൻ തുടങ്ങി യെരുശലേംവരെ ദാവീദിനോടു ചേർന്നുനിന്നു.

അബ്ശാലോമിന്റെ സേനാപതി ആയിരുന്ന അമാസയെ ദാവീദ് രാജാവ് സേനാപതിയായി യോവാബിനുപകരം നിയമിച്ചു. അമാസയോട് മൂന്നു ദിവസത്തിനകം യഹൂദാപുരുഷന്മാരെ വിളിച്ചുകൂട്ടി തന്റെ അടുക്കൽ വരുവാൻ കല്പിച്ചു. എന്നാൽ പറഞ്ഞ അവധിയിലധികം കഴിഞ്ഞിട്ടും അവൻ വന്നില്ല. ശേബ ഇപ്പോൾ നമുക്കു അധികം ദോഷം ചെയ്യും എന്ന് മനസ്സിലായി. അതുകൊണ്ട് രാജാവ് അബീശായിയോടു കല്പിക്കുകയും അവനും യോവാബിന്റെ ആളുകളും, ക്രേത്യരും, പ്ലേത്യരും ശേബയെ പിൻതുടരുവാൻ യെരുശലേമിൽ നിന്നും പുറപ്പെട്ടു. ശേബയ്ക്കു വേണ്ടിയുള്ള തിരച്ചിൽ അവരെ വടക്ക് ബേത്ത്-മാഖയിലെ ആബേലിൽ എത്തിച്ചു. അവിടെ അവനെ നിരോധിച്ചു പട്ടണത്തിനു നേരെ വാട കോരി. യോവാബിനോടുകൂടെയുള്ള എല്ലാ പടജ്ജനവും മതിൽ തള്ളിയിടുവാൻ തക്കവണ്ണം ഇടിച്ചു തുടങ്ങി. അപ്പോൾ ഈ ജ്ഞാനമുള്ള സ്ത്രീ "കേൾപ്പിൻ കേൾപ്പിൻ ഞാൻ യോവാബിനോടു സംസാരിക്കേണ്ടതിന്നു ഇവിടെ അടുത്തു വരുവാൻ അവനോടു പറവിൻ" എന്ന് പട്ടണത്തിൽ നിന്നും വിളിച്ചു പറഞ്ഞു. അവൻ അടുത്തു വന്നപ്പോൾ "നീ യോവാബോ" എന്നു സ്ത്രീ ചോദിച്ചു. "അതേ" എന്ന് അവൻ പറഞ്ഞു. അവൾ അവനോടു "അടിയന്റെ വാക്കു കേൾക്കേണമേ" എന്നു പറഞ്ഞു. "ഞാൻ കേൾക്കാം" എന്ന് യോവാബ് പറഞ്ഞു. എന്നാറെ

അവൾ ആബേലിൽ ചെന്നു ചോദിക്കേണം എന്നു പണ്ടൊക്കെ പറകയും അങ്ങനെ കാര്യം തീർക്കുകയും ചെയ്ക പതിവായിരുന്നു. തുടർന്ന് അവൾ തന്നെക്കുറിച്ച് തന്നെ ഒരു സാക്ഷ്യം പറയുന്നു. "ഞാൻ യിസ്രാ യേലിൽ സമാധാനവും, വിശ്വസ്തതയും ഉള്ളവരിൽ ഒരുത്തി ആകുന്നു. നീ യിസ്രായേലിൽ ഒരു പട്ടണത്തെയും ഒരു മാതാവിനേയും നശിപ്പി പ്പാൻ നോക്കുന്നു; നീ യഹോവയുടെ അവകാശം മുടിച്ചുകളയുന്നത് എന്ത്?" എന്നു പറഞ്ഞു. അതിനു യോവാബു "മുടിച്ചുകളകയോ നശിപ്പി ക്കയോ ചെയ്‌വാൻ എനിക്കു ഒരിക്കലും സംഗതിയാകരുതേ. എന്നാൽ കാര്യം അങ്ങനെഅല്ല; അതിന് യോവാബ് പറയുന്നത് ബിക്രിയുടെ മകനായ ശേബ എന്നൊരു മലനാട്ടുകാരൻ ദാവീദ് രാജാവിനോടു മത്സ രിച്ചിരിക്കുന്നു. അവനെ മാത്രം ഏല്പിച്ചു തന്നാൽ മതി ഞങ്ങൾ പട്ട ണത്തെ വിട്ടുപോകാം" എന്ന് പറഞ്ഞു. ആബേൽ ഉത്തര നഫ്താലി യിലെ ഒരു പട്ടണം. ദാനിൽ നിന്ന് 6.5 കി.മി. പടിഞ്ഞാറാണ് സ്ഥാനം. ബിക്രിയുടെ മകനായ ശേബയെ യോവാബ് നിരോധിച്ചത് ഇവിടെ വച്ചാണ്. അതിന് സ്ത്രീ മറുപടി പറഞ്ഞത് "ഞാൻ അവന്റെ തല മതിലിന്റെ മുകളിൽ നിന്നും നിന്റെ അടുക്കൽ ഇട്ടു തരും" എന്നു പറഞ്ഞു. ഈ സ്ത്രീ തന്റെ ദൈവിക ജ്ഞാനത്താൽ ആ പട്ടണത്തിലെ സകല ജനത്തെയും സമ്മതിപ്പിച്ചു. ഒരു സ്ത്രീയുടെ വാക്ക് ഒരു പട്ടണക്കാർ ഒരുപോലെ സമ്മതിക്കണമെങ്കിൽ അവളുടെ സാക്ഷ്യജീവിതം അത്രയ്ക്ക് വലിയതാണ്. അവിടത്തെ ജനത്തോടുള്ള സ്വാധീനവും വളരെ വലുതാണെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. അവൾ ഉടനെ ബിക്രിയുടെ മകനായ ശേബയുടെ തല വെട്ടി യോവാബിന്റെ അടുക്കൽ ഇട്ടുകൊടുത്തു. ഈ സ്ത്രീയുടെ ജ്ഞാനത്താൽ ഒരു പട്ടണവും അതിലെ ജനം മുഴുവനും സംരക്ഷിക്കപ്പെട്ടു. തന്റെ കാര്യം സാധിച്ച ഉടനെ യോവാബ് കാഹളം ഊതുകയും യെരുശലേമിൽ ദാവീദ് രാജാവിന്റെ അടുക്കൽ മടങ്ങി പ്പോകയും ചെയ്തു.

സഹോദരിമാരായ നമുക്കും നമ്മുടെ ഭവനത്തെയും ചുറ്റുപാടു മുള്ള ഭവനങ്ങളെയും സംരക്ഷിക്കുന്നതിനുവേണ്ടി ജ്ഞാനത്തോടെ ജീവിക്കാം. ഒരു ഭവനം കെട്ടിപ്പണിയുന്നതും തച്ചുടയ്ക്കുന്നതും സ്ത്രീ തന്നെ. ആരും തന്നെ, തന്റെ കുടുംബം പൊളിഞ്ഞുപോകുന്നതിനു ഇഷ്ടപ്പെടുകയില്ല. സ്ത്രീകളിൽ ചിലർ ഭവനത്തെ പണിയും, ചില സ്ത്രീകൾ ഭവനത്തെ പൊളിക്കും. സ്ത്രീയെ ഒരു ജെ. സി. ബി. യന്ത്ര ത്തോടു ഉപമിക്കാം. ഈ ഒരു യന്ത്രത്തിന്റെ കൈ ഉപയോഗിച്ച് ഒരു വീട് മാത്രമല്ല, കൊട്ടാരസമാനമായ മണിമാളികകളെയും പൊളിച്ചു കളയാം. വർഷങ്ങളായി പടുത്തുയർത്തിയ പല ഭവനങ്ങളും സ്ത്രീ കളുടെ കൈ കൊണ്ട് പൊളിച്ചടുക്കിയത് നമുക്ക് നമ്മുടെ ചുറ്റുപാടും

കാണുവാൻ സാധിക്കും. ജ്ഞാനം കൊണ്ടുമാത്രമേ ഭവനത്തെ പണിയുവാൻ സാധിക്കയുള്ളൂ. 1 കൊരി. 1:30 ൽ പറയുന്നു അവൻ നിങ്ങളുടെ ജ്ഞാനമായിരിക്കും. ജ്ഞാനത്തെ ദൈവത്തോടു ചോദിച്ചു വാങ്ങണം. നിങ്ങളിൽ ഒരുത്തനു ജ്ഞാനം കുറവാകുന്നുവെങ്കിൽ ഭർത്സിക്കാതെ എല്ലാവർക്കും ഔദാര്യമായി കൊടുക്കുന്നവനായ ദൈവ ത്തോടു യാചിക്കട്ടെ. അപ്പോൾ അവനു ലഭിക്കും (യാക്കോബ് 1:5).

ദൈവദത്തമായ ജ്ഞാനം മനുഷ്യന് നന്മയും ശാന്തിയും സമാധാ നവും സംതൃപ്തിയും നല്കുകയും സൗഭാഗ്യപൂർണ്ണമായ ജീവിതം നയിക്കുവാൻ സഹായിക്കുകയും ചെയ്യുന്നു. യാക്കോബ് 3:17 ഉയര ത്തിൽ നിന്നുള്ള ജ്ഞാനമോ ഒന്നാമതു നിർമ്മലതയും പിന്നെ സമാധാ നവും ശാന്തതയും അനുസരണമുള്ളതും കരുണയും സൽഫലവും നിറഞ്ഞതും പക്ഷപാതവും കപടവും ഇല്ലാത്തതുമാകുന്നു. കൊലൊ സ്യർ 2:3 ൽ പറയുന്നു അവനിൽ ജ്ഞാനത്തിന്റെയും പരിജ്ഞാന ത്തിന്റെയും നിക്ഷേപങ്ങളൊക്കെയും ഗുപ്തമായിട്ട് ഇരിക്കുന്നു. വിവേ കിയുടെ ജ്ഞാനം വഴി തിരിച്ചറിയുന്നു എന്ന് സദൃശവാക്യങ്ങളിൽ പറയുന്നു. കൂടാതെ പരിജ്ഞാനവും വകതിരിവും അതിന്റെ സവിശേഷ ലക്ഷണങ്ങളാണ്. ഈ ജ്ഞാനലക്ഷണമുള്ളവർ സൗമ്യതയുള്ളവരാണ്.

സ്വന്തജീവിതാനുഭവങ്ങളിൽ നിന്നും മുതിർന്നവർ പറഞ്ഞു തരുന്ന ജ്ഞാനോപദേശങ്ങൾ സ്വീകരിക്കുവാനുള്ള ഒരു നല്ല മനസ്സ് നമുക്ക് ഉണ്ടായിരിക്കണം. നാം ഓരോരുത്തരും നമ്മുടെ കഴിഞ്ഞ കാലങ്ങളെ തിരിഞ്ഞുനോക്കുമ്പോൾ അറിയാം നമ്മൾ ജ്ഞാനത്തോ ടെയാണോ തിരഞ്ഞെടുപ്പുകൾ നടത്തിയത്. പലതും പരാജയത്തിന്റെ പടുകുഴിയിൽ താണുപോയി.ഇനി അതിനെക്കുറിച്ച് ആലോചിച്ചിട്ടു കാര്യമില്ല. പ്രായം നമ്മെ ജ്ഞാനമേറിയവരാക്കുന്നുവെന്ന് അനായാസം പുറകോട്ടു തിരിഞ്ഞുനോക്കിയാൽ നമുക്കു മനസ്സിലാക്കാവുന്നതാണ്. എന്നാൽ ഇനിയെങ്കിലും മുമ്പോട്ടുനോക്കി ഈ സത്യം അംഗീകരി ക്കുകയും ഇനിയുള്ള ജീവിതം ദൈവത്തിൽ നിന്നും ജ്ഞാനം പ്രാപിച്ച് ബുദ്ധിയോടെ ജീവിക്കാൻ തീരുമാനിക്കുകയും ചെയ്യാം.

സദൃശവാക്യങ്ങൾ 12:18-ൽ ജ്ഞാനികളുടെ നാവോ സുഖപ്രദം. നമുക്കും നമ്മുടെ കുടുംബങ്ങൾക്കും, സഭയിലും, സമൂഹത്തിലും നമ്മുടെ നാവിൽ നിന്നും സുഖപ്രദമായ ജ്ഞാനവാക്കുകൾ മാത്രം പുറപ്പെടുവാൻ ദൈവം സഹായിക്കുവാൻ വേണ്ടി ദൈവത്തോടു പ്രാർ ത്ഥിക്കാം. അത് എല്ലാവർക്കും പുതുവത്സരത്തിൽ അനുഗ്രഹകരമാ യിരിക്കും. നമുക്കു ദൈവം തന്നിരിക്കുന്ന ഈ ജീവിതം ഹ്രസ്വമാണ്. പുതുവർഷത്തിൽ ജ്ഞാനത്തിന്റെ ആരംഭമായ യഹോവാഭക്തിയിലും സൗമ്യതയിലും ജീവിക്കുവാൻ ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ ഓരോരുത്തരേയും സഹായിക്കുമാറാകട്ടെ.

**ഷെറിൻ കിംഗ്സ്റ്റൻ**

# നാലു പടകുകളും നാലു കാറ്റുകളും

ദൈവവചനത്തിൽ കാണപ്പെടുന്ന ഏതാനും പടകുകളെ അഥവാ കപ്പലുകളെക്കുറിച്ചും അവയ്ക്കുനേരെ ആഞ്ഞടിച്ച ചില കാറ്റുകളെക്കുറിച്ചും നമുക്കു ചിന്തിക്കാം. ഈ ലോകമാകുന്ന വൻ സമുദ്രത്തിൽക്കൂടി ശുഭതുറമുഖത്തു എത്തിച്ചേരാനുള്ള ആഗ്രഹത്തോടെ യാത്ര ചെയ്തുകൊണ്ടിരിക്കുന്ന നമ്മുടെ ജീവിതപടകിനെ തകർത്തു കളയുവാൻ പലവിധ കാറ്റുകൾ എതിരായി വീശുമ്പോൾ ആ കാറ്റുകളെ ശാസിച്ചമർത്തി ശാന്തമായ അന്തരീക്ഷം നല്കുന്ന കർത്താവായ യേശുക്രിസ്തുവിന്റെ സാന്നിദ്ധ്യം നമുക്കാശ്വാസമാണ്. ആഗ്രഹിച്ച തുറമുഖത്ത് അവൻ നമ്മെ കൊണ്ടെത്തിക്കും.

**കാറ്റുകളെക്കുറിച്ച് അല്പം ചിന്തിക്കാം.**

കാറ്റുകളുടെ ഉറവിടം എവിടെയാണെന്നു വേദപുസ്തകത്തിൽ 135-ാം സങ്കീർത്തനം 7-ാം വാക്യത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ദൈവം തന്റെ ഭണ്ഡാരങ്ങളിൽ നിന്ന് കാറ്റു പുറപ്പെടുവിക്കുന്നു എന്നു വായിക്കുന്നു. കാറ്റുകൾ തന്റെ വചനം അനുസരിക്കുന്നു. അഥവാ ദൈവത്തിന്റെ വചനം അനുഷ്ഠിക്കുന്നു. ദൈവം തന്റെ ഭണ്ഡാരം തുറന്ന് കാറ്റുകളെ ഓരോ സ്ഥലങ്ങളിലേക്ക് അയയ്ക്കുന്നു. ഒട്ടും മറുത്തു നില്ക്കാതെ അവ ദൈവത്തിന്റെ ആജ്ഞയെ അനുസരിക്കുകയും ചെയ്യുന്നു. ഏതാനും പടകുകളെയും അവയ്ക്കുനേരെ ദൈവം ഭണ്ഡാരം തുറന്ന് അയച്ച കാറ്റുകളെയും കുറിച്ച് നമുക്ക് ചിന്തിക്കാം.

**1. യോനാ സഞ്ചരിച്ച കപ്പലും-പെരുങ്കാറ്റും :- (യോനാ.1:4)**

ദൈവം യോനായോട് അരുളിചെയ്യുന്നു നീനെവെക്കു പോയി ദുഷ്ടത നിറഞ്ഞ ആ പട്ടണത്തിന്റെ മാനസാന്തരത്തിനായി പ്രസംഗിക്കാൻ. യോനാ അനുസരിക്കാതെ തർശീശിലേക്കുള്ള കപ്പലിൽ കയറി യാത്ര ചെയ്തു. യോനായെ ശിക്ഷയിൽ കൂടി വീണ്ടും പ്രയോജനപ്പെടുത്തിയെടുക്കാൻ ദൈവം ഒരുക്കിയ പദ്ധതിയാണ് യോനായുടെ പുസ്തകത്തിൽ നാം കാണുന്നത്. യോനാ സഞ്ചരിച്ച കപ്പലിന് അനുസരണക്കേടിന്റെ കപ്പൽ എന്ന് പേരിടാം. ആ കപ്പലിന്റെ നേർക്ക് ദൈവം തന്റെ ഭണ്ഡാരം തുറന്ന് അയച്ച കാറ്റിന്റെ പേരാണ് പെരുങ്കാറ്റ്. യോനാ നീനെവേയിലേക്ക് പോകാൻ മടിച്ചതിന്റെ പുറകിൽ രണ്ടു കാര്യങ്ങൾ ഉണ്ടാവാം. ഒന്ന് നീനെവേക്കാരോടുള്ള ഏതോ മുൻ വിരോധം. വിരോധി മാനസാന്തരപ്പെട്ടു കാണാൻ താൻ ആഗ്രഹിച്ചില്ല. നീനെവേക്കാരുടെ

മാനസാന്തരത്തോടു തനിക്കുള്ള അസൂയ. ശത്രു നശിച്ചു കാണാൻ ആഗ്രഹിച്ചിരിക്കുമ്പോൾ അവർ മാനസാന്തരപ്പെടുന്നു എന്നു കേൾക്കുന്നതിൽ അസൂയ തോന്നാത്ത ഭക്തന്മാർ ചുരുക്കമാണല്ലോ!

**രണ്ട്.** നീനെവെയിൽ പോയാൽ വളരെ കഷ്ടപ്പാടുകൾ സഹിക്കേണ്ടിവരും എന്നുള്ള അറിവ്. കഷ്ടപ്പാടുള്ള ശുശ്രൂഷയിൽ നിന്നു ഒരു ഒളിച്ചോട്ടം. കൂട്ടായ്മ എല്ലാ ഭക്തന്മാർക്കും ഇഷ്ടമുള്ള കാര്യമാണ്. പക്ഷെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയോട് അത്ര താൽപര്യമില്ല. ദൈവം പ്രവൃത്തികളെ തൂക്കിനോക്കുന്നു എന്ന് ഹന്നാ പറയുകയുണ്ടായി (1 ശമൂവേൽ 2:3)

അതേ : ദൈവം മനോഭാവങ്ങളെയും തൂക്കിനോക്കുന്നവനാണ്. ദൈവം യോനായുടെ മനോഭാവങ്ങളെ തൂക്കിനോക്കി ഒരു പാഠം പഠിപ്പിക്കുവാനും മടക്കിക്കൊണ്ടുവരുവാനും രണ്ടാമത് ഒരു ചാൻസ്കൂടി നല്കുവാനും തീരുമാനിച്ചു. കപ്പലിന്റെ നേരെ പെരുങ്കാറ്റ് അടിപ്പിച്ചു. ആ കാറ്റ് യോനായെ നീനെവേയിലേക്ക് തന്നെ കൊണ്ടെത്തിച്ചു. നീനെവേക്കാർ യോനായുടെ പ്രസംഗം കേട്ട് മാനസാന്തരപ്പെട്ടു.

**2. യേശു ഇല്ലാത്ത പടക് - പ്രതികൂലക്കാറ്റ് (മത്തായി 14: 22-33)**

അഞ്ചപ്പവും രണ്ടുമീനുംകൊണ്ട് അയ്യായിരംപേരെ പോഷിപ്പിച്ച അത്ഭുതസംഭവത്തിനുശേഷം ശിഷ്യന്മാർ ഒരു പടകിൽ കഫർന്നഹൂമിലേക്കു യാത്രയായി. യേശു ആ പടകിൽ ഉണ്ടായിരുന്നില്ല. യേശുവിനേക്കൂടാതെയുള്ള അവരുടെ യാത്ര. സ്വന്തം സാമർത്ഥ്യത്തിലും, കഴിവിലും, പടകുയാത്രയിലുള്ള പരിചയസമ്പത്തിലും ആശ്രയിച്ചിരുന്നു. ദൈവം തന്റെ ഭണ്ഡാരം തുറന്ന് പ്രതികൂലക്കാറ്റിനെ ആ പടകിന്റെ നേരെ അയച്ചു. അവർ തണ്ടുവലിച്ചു കുഴഞ്ഞു അവരുടെ കൈകൾ കുഴഞ്ഞപ്പോൾ അഥവാ തങ്ങളുടെ കഴിവുകൾ ഏതുമില്ല എന്നു സമ്മതിച്ചപ്പോൾ നാലാം യാമത്തിൽ യേശു പ്രത്യക്ഷപ്പെട്ടു ശാന്തത വരുത്തി.

എലീശാ പ്രവാചകന് 100 ശിഷ്യന്മാർ ഉണ്ടായിരുന്നു. അവർ പാർക്കുന്ന സ്ഥലം വലുതാക്കാൻ കോടാലിയുമായി മരം വെട്ടാൻ യോർദ്ദാനിൽ പോയപ്പോൾ പ്രവാചകനെകൂടാതെയല്ല പോയത്. ദയവു ചെയ്ത് അടിയങ്ങളോടുകൂടെ പോരേണമേ എന്ന് അപേക്ഷിക്കുകയും ദൈവപുരുഷൻ കൂടെ പോകുകയും ചെയ്തു. ഊരിപ്പോയ കോടാലി മടക്കിക്കിട്ടാനും പ്രയത്നം സഫലമാക്കുവാനും ദൈവപുരുഷന്റെ സാന്നിധ്യം സഹായകമായി (2 രാജാ. 6). എന്നെ പിരിഞ്ഞു നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല എന്ന് കർത്താവ് ശിഷ്യന്മാരെ പഠിപ്പിച്ചു.

**3. യേശു കയറിയ പടക് - ചുഴലിക്കാറ്റ് (ലൂക്കൊ. 8:22-25)**

യേശുവിന്റെ സാന്നിധ്യം ഉള്ള പടകിന്റെ നേരെയും കാറ്റടിച്ചു.

എന്നാൽ ശിഷ്യന്മാരോടോപ്പം യേശുവും പടകിൽ ഉണ്ടായിരുന്നു വെങ്കിലും യേശു ആ പടകിൽ ഉറങ്ങുകയായിരുന്നു. പ്രിയ സഹോദരീ, സഹോദരന്മാരേ നിന്റെ ജീവിതപടകിൽ യേശുവിനു സ്ഥാനം കൊടുത്തിട്ടുണ്ടോ? എങ്കിലും ഉള്ളിലുള്ള യേശുവിനെ ഉറക്കിയിട്ടിരുന്നാൽ അഥവാ രക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിലും ലഭിച്ച ജീവൻ ഉറങ്ങുന്ന അവസ്ഥയിൽ ആണെങ്കിൽ നിന്നെ ഉണർത്താൻ ദൈവം തന്റെ ഭണ്ഡാരം തുറന്ന് ചുഴലിക്കാറ്റിനെ അയയ്ക്കും. മറ്റൊരുദ്ദേശ്യം നമ്മുടെ വിശ്വാസത്തിന്റെ പരിശോധനയാണ്. നിങ്ങളുടെ വിശ്വാസം എവിടെ?. എന്നൊരു ചോദ്യം അവിടെ കാണുന്നു. ബലഹീനവിശ്വാസത്തെ വർദ്ധിപ്പിക്കുവാൻ ഈ ചുഴലിക്കാറ്റ് സഹായകമാകും.

**4. പൗലൊസ് സഞ്ചരിച്ച കപ്പൽ - ഈശാനമൂലൻ കാറ്റ് (അപ്പൊ. പ്ര. 27:14)**

പൗലൊസും 275 യാത്രക്കാരുമായി അഥവാ തടവുകാരുമായി റോമിലേക്കുള്ള യാത്രയാണ് ഈ കപ്പൽ. ഈ കപ്പലിന്റെ നേരെ ആഞ്ഞടിച്ച കാറ്റാണ് ഈശാനമൂലൻ കാറ്റ്. ഈ കാറ്റിന് കിഴക്കൻ കാറ്റ് എന്ന് വേറൊരു പേരുമുണ്ട്. കിഴക്കൻ കാറ്റ് വളരെ ശക്തിയുള്ളതും ഉണക്കുന്നതുമാണ്. മോശെ ചെങ്കടലിന്റെ നേരെ വടി നീട്ടിയപ്പോൾ ദൈവം ഒരു കിഴക്കൻ കാറ്റിനെ ഭണ്ഡാരം തുറന്നുവിട്ടു. അതു കടലിനെ രണ്ടാക്കി മാറ്റുകയും ആ ഭാഗത്തെ ഉണക്കി. ഉണങ്ങിയനിലം പോലെയാക്കി. യിസ്രായേൽ ജനത്തിന്റെ യാത്രയ്ക്കു സഹായകമാകുകയും ചെയ്തു (പുറ. 14:21). ഫറവോൻ കണ്ട സ്വപ്നത്തിൽ കിഴക്കൻ കാറ്റിനാൽ കരിഞ്ഞുപോയ ഏഴു കതിർ പൊങ്ങി വന്നതായി കണ്ടുവല്ലോ (ഉല്പ. 41:6,23,27). അവൻ തന്റെ സഹോദരന്മാരുടെ ഇടയിൽ ഫലപുഷ്ടിയുള്ളവനായിരുന്നാലും ഒരു കിഴക്കൻ കാറ്റു വരും. അവന്റെ ഉറവുവറ്റി കിണർ ഉണങ്ങിപ്പോകുവാൻ ഇടയാകും. (ഹോശയാ 13:15, യെഹെസ്. 17:10, 19:12) എന്നീ വാക്യങ്ങൾ വായിക്കുക.

ഈശാനമൂലൻ കാറ്റ് പൗലൊസ് സഞ്ചരിച്ച പടകിന്റെ നേരെ ആഞ്ഞടിച്ചപ്പോൾ അവർ മത്തനെപ്പോലെ കടലിൽ ചാഞ്ചാടി ഉഴന്നു നടന്നു. ആശ അറ്റുപോയ അവസ്ഥയിലെത്തി. ദൈവം ഒടുവിൽ ശാന്തത വരുത്തി. യാത്രക്കാർക്കൊന്നും ഒരുകേടും വരികയില്ലെന്നു ദൈവം പൗലൊസിനോടു സംസാരിച്ചു ധൈര്യപ്പെടുത്തി (അപ്പൊ.പ്ര. 27:23). അവിശ്വാസികളുടെ മുമ്പാകെ ദൈവനാമം മഹത്വപ്പെടുത്തുവാൻ ഇടയായി. ഈശാനമൂലൻ കാറ്റിനെയും ശാസിച്ചമർത്തുന്ന കർത്താവ് നമ്മുടെ ജീവിതപടകിൽ സഖിയായിട്ടുണ്ട്. അവനെ മുറുകെ പിടിച്ച് യാത്ര തുടരാം. അതിന് ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.

**മോളിക്കുട്ടി ചാക്കോ, കണ്ണൂർ**

# ഞങ്ങൾക്കു ഒരു രാജാവിനെ തരേണം (1 ശമൂവേൽ 8:5)

ദൈവം തങ്ങളെ ഭരിച്ചുകൊണ്ടിരിക്കെ ഒരു രാജാവിനെ യിസ്രായേൽ മക്കളെ ഭരിക്കേണ്ടതിനു അവർ ശമൂവേലിനോടു ചോദിച്ചതു നിമിത്തം അവർക്കുണ്ടായ തിക്താനുഭവങ്ങൾ ചിന്തിക്കാം. അല്പം ചരിത്രത്തിന്റെ പിന്നാമ്പുറങ്ങളിലേക്ക് പോകേണ്ടിയിരിക്കുന്നു. തിരുവചനത്തിൽ ആദ്യ പുസ്തകങ്ങളിലെല്ലാം യിസ്രായേലിന്റെ ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നുവെങ്കിലും പ്രധാനമായും 1, 2, ശമൂവേൽ, 1, 2, രാജാക്കന്മാർ, 1, 2 ദിനവൃത്താന്തം തുടങ്ങിയ പുസ്തക ങ്ങളിൽ രാജാക്കന്മാരുടെ ചരിത്രം കാണുന്നു. 430 വർഷത്തെ മിസ്രയി മീന്റെ അടിമത്തത്തിൽ നിന്നും മോശെയിൽകൂടെ ദൈവം യിസ്രായേ ലിനെ വിടുവിച്ചു. വാഗ്ദത്തദേശമായ കനാനിലേക്ക് നടത്തികൊണ്ടു വന്നു. ജനം മത്സരികളും അനുസരണക്കേടും പിറുപിറുപ്പും ഉള്ള വരുമായിരുന്നിട്ടും സംരക്ഷണവും ആഹാരവും നല്കി യഹോവയായ ദൈവം അവരെ നടത്തി പരിപാലിച്ചു. എന്നാൽ മിസ്രയീമിൽനിന്നും പുറപ്പെട്ടവരിൽ യോശുവയും, കാലേബും എന്നിവർക്കല്ലാതെ ജന ത്തിന്റെ മത്സരബുദ്ധിയാൽ മോശെയ്ക്കുപോലും അവിടെ പ്രവേശിക്കാൻ കഴിഞ്ഞില്ല. എങ്കിലും തലമുറകളെ അവിടെ എത്തിച്ചു. യഹോവ തന്നെ യാണ് യോശുവയിൽക്കൂടെ അവർക്കു ദേശം വിഭാഗിച്ചു കൊടുത്തതും അവരെ ഭരിച്ച് അവർക്കുവേണ്ടി യുദ്ധം ചെയ്ത് അവരെ നടത്തിയതും. അവർക്കു നിയമങ്ങളും, കല്പനകളും, കൊടുത്തു. ജാതികളോടു ഇടക ലരരുത്, അവരുടെ ആചാരങ്ങൾ അനുസരിക്കുകയോ, വിഗ്രഹങ്ങളെ സേവിക്കയോ ചെയ്യരുത്; അവരെ നടത്തിക്കൊണ്ടുവന്ന ജീവനുള്ള യഹോവയായ ദൈവത്തെ മാത്രം ആരാധിച്ചു മഹത്ത്വപ്പെടുത്തി ജീവി ക്കണമെന്നു കല്പിച്ചു.

മോശെ, യോശുവ ഇവരുടെ കാലശേഷം നായകന്മാരില്ലായി രുന്നു. ‘‘ആ കാലത്ത് യിസ്രായേലിൽ രാജാവില്ലായിരുന്നു; ഓരോരുത്തൻ തനിക്കു ബോധിച്ചതുപോലെ നടന്നു” (ന്യായാ. 21:25). അപ്പോൾ ദൈവം അവർക്ക് ന്യായാധിപന്മാരെ എഴുന്നേല്പിച്ചു. ഒടുവിലത്തെ ന്യായാധിപനും, പുരോഹിതനുമായ ശമൂവേൽ വൃദ്ധനായപ്പോൾ തന്റെ പുത്രന്മാരായ യോവേൽ, അബീയേൽ എന്നിവരെ ന്യായാധിപന്മാരാക്കി. 1 ശമൂവേൽ 8:1-3. അവന്റെ പുത്രന്മാർ അവന്റെ വഴിയിൽ നടക്കാതെ ദുരാഗ്രഹികളായി കൈക്കൂലി വാങ്ങി ന്യായം മറിച്ചുവന്നു. അതിനാൽ യിസ്രായേൽ മൂപ്പന്മാർ അവരെ

അംഗീകരിക്കാതെ ശമൂവേലിലോട്, “നീ വൃദ്ധനായിരിക്കുന്നു, നിന്റെ പുത്രന്മാർ നിന്റെ വഴിയിൽ നടക്കുന്നില്ല. ആകയാൽ സകല ജാതികൾക്കുമുള്ളതുപോലെ ഞങ്ങളെ ഭരിക്കേണ്ടതിനു ഞങ്ങൾക്കു ഒരു രാജാവിനെ നിയമിച്ചുതരേണം. അതു ശമൂവേലിനു അനിഷ്ടമായി. ജനമാകട്ടെ തങ്ങളെ ഭരിച്ചു നടത്തുന്നതു യഹോവയാണെന്നുള്ള സത്യം മറന്നുപോയി. ദൈവം ഏല്പിച്ച ശുശ്രൂഷ ശ്രേഷ്ഠമായ രീതിയിൽ നിവർത്തിച്ച ശമൂവേൽ സ്വന്തമക്കളെ, തലമുറയെ ദൈവത്തിങ്കലേക്കു നയിക്കുവാൻ മറന്നുപോയി. ഒരു പിതാവിന്റെ ഉത്തരവാദിത്തം നിറവേറ്റുന്നതിൽ സമ്പൂർണ്ണപരാജയം. ഏലിപുരോഹിതന്റെ അതേ അവസ്ഥ! ചെറിയ ബാലനായിരുന്നപ്പോൾ ദൈവസന്നിധിയിൽ ശുശ്രൂഷിച്ചുനിന്ന ശമൂവേലിനെത്തന്നെ വിളിച്ചാണ് ദൈവം ഏലി പുരോഹിതന്റെ കുടുംബത്തിനു വരുത്തുവാനിരിക്കുന്ന അനർത്ഥത്തെക്കുറിച്ച് അറിയിക്കുന്നത്. ഞാൻ ഏലിയുടെ ഭവനത്തിനു അനർത്ഥം വരുത്തും. അവന്റെ പുത്രന്മാർ ദൈവത്തിനു വിരോധമായ കാര്യങ്ങൾ പ്രവർത്തിക്കുന്നു. ഏലി അവരെ ശാസിച്ചമർത്തിയില്ല എന്നും പറഞ്ഞു. മക്കളായ ഹൊഫ്നിയും, ഫീനെഹാസിനെയും കൊല്ലുന്നു. ഇതെല്ലാം അറിഞ്ഞിരുന്ന ശമൂവേൽ തന്റെ മക്കളെ ദൈവഭയത്തിൽ വളർത്തിയില്ല. ഇന്നും അനേക ദൈവികശുശ്രൂഷകന്മാരുടെയും, മാതാപിതാക്കളുടെയും തോൽവി ഇതല്ലേ? തലമുറകൾ ദൈവത്തെ വിട്ട് ജഡമോഹം, കൺമോഹം ജീവനത്തിന്റെ പ്രതാപം ഇവയുടെ പുറകേ പോകയല്ലേ, ദൈവത്തെ ഭയമില്ല. നമ്മുടെ തലമുറകൾ ദൈവത്തെ ഭയപ്പെടുകയും അനുസരിക്കുകയും ദൈവത്തെ പ്രസാദിപ്പിക്കുന്നവരുമായി ദൈവവഴിയിൽ നടക്കേണ്ടതിന്നു അവരെ അഭ്യസിപ്പിക്കാം. മാതാപിതാക്കളേ ശ്രദ്ധയോടും കണ്ണുനീരോടും മക്കളെ വളർത്താം. ശമൂവേൽ, ഏലി നമുക്കു പാഠമാകട്ടെ. ഒരമ്മയുടെ കണ്ണുനീരിന്റെയും ത്യാഗത്തിന്റെയും പ്രാർത്ഥനയുടെയും ഫലമാണ് ശമൂവേൽ എന്ന കാര്യം താൻ മറന്നുപോയി. ഇതു നമുക്കൊരു വെല്ലുവിളിയാകട്ടെ. ശമൂവേലേ, ഞങ്ങൾക്കൊരു രാജാവിനെ വേണമെന്നു ആവശ്യപ്പെട്ട ജനത്തോട് അനിഷ്ടം കാണിക്കേണ്ട. തന്നെത്താൻ തിരുത്താം.

ദൈവം ശമൂവേലിനോടു പറയുകയാണ് ജനം നിന്നോടു പറയുന്ന സകലത്തിലും അവരുടെ അപേക്ഷ കേൾക്ക. അവർ നിന്നെയല്ല ഞാൻ അവരെ ഭരിക്കാതവണ്ണം എന്നെയാകുന്നു ത്യജിച്ചിരിക്കുന്നത്. ജനത്തിന്റെ മത്സരവും പിറുപിറുപ്പും കണക്കിടാതെ പകൽ മേഘസ്തംഭത്തിലും, രാത്രി അഗ്നിസ്തംഭത്തിലും പരിപാലനവും സംരക്ഷണയും കൊടുത്ത് അവരെ ഭരിച്ചു നടത്തിയ ദൈവത്തെ അവർ മറന്നു. ഒരു രാജാവ് അവരെ ഭരിച്ചാലുണ്ടാകാവുന്ന അടിച്ചമർത്തലുകളും ദുർഭരണവും അവരെ കർശനമായി പറഞ്ഞു മനസ്സിലാക്കുക. എന്നാൽ

അതിനു ചെവി കൊടുക്കാതെ രാജാവിനെ വേണമെന്നുള്ളതിൽ അവർ ഉറച്ചു നിന്നു.

അപ്പോൾ അവരെ ഭരിക്കുവാൻ ഒന്നാമത്തെ രാജാവിനെ ദൈവം അവർക്കു കൊടുക്കുന്നു. ബെന്യാമിൻ ഗോത്രത്തിൽ കീശിന്റെ മകനായ ശൗൽ. ദൈവം ശമൂവേലിനെ കൊണ്ട് ശൗലിനെ യിസ്രായേലിനു രാജാവായി അഭിഷേകം ചെയ്യിച്ചു. “രാജാവേ, ജയ ജയ” എന്നു ആർത്തു ജനം സ്വീകരിച്ചു. യിസ്രായേൽ ജനം അങ്ങനെ ദൈവികഭരണത്തിൽ നിന്നും മാനുഷിക ഭരണത്തിലേക്കു മാറി. ദൈവം ശമൂവേൽ മുഖാന്തരം അവർക്കു കൊടുത്ത മുന്നറിയിപ്പ്, നിങ്ങൾ തിരഞ്ഞെടുത്ത രാജാവിന്റെ നിമിത്തം നിങ്ങൾ അന്ന് നിലവിളിക്കും; എന്നാൽ യഹോവ അന്നു ഉത്തരം അരുളുകയില്ല. ദൈവത്തിന്റെ വചനം ഉവ്വ് ഉവ്വ് എന്നും ഇല്ല ഇല്ല എന്നുമാണ്. ഒരു മാറ്റവുമില്ല! ദൈവപൈതലേ, ദൈവത്തോടു മറുതലിക്കുന്നതും അവന്റെ കല്പനകളെ അനുസരിക്കാതിരിക്കുന്നതും ഭയങ്കരം. മറന്നുപോകരുത്. ജീവനുള്ള ദൈവത്തിന്റെ കൈയിൽ വീഴുന്നത് ഭയങ്കരം എബ്രാ. 10:31. അവൻ ദഹിപ്പിക്കുന്ന അഗ്നിയാണ് എബ്രാ. 12:29. മറക്കരുത്. നമ്മുടെ ദൈവം കരുണാസമ്പന്നനും, ദീർഘക്ഷമയും, മഹാദയയും ഉള്ള സ്നേഹനിധിയാണ്. എങ്കിലും ദഹിപ്പിക്കുന്ന അഗ്നിയാണെന്നുള്ള ബോധ്യം നമ്മെ എപ്പോഴും ഭരിക്കട്ടെ. നമ്മെത്തന്നെ അവന്റെ സന്നിധിയിൽ താഴ്ത്താം.

അങ്ങനെ ശൗൽ യിസ്രായേലിന്റെ ആദ്യത്തെ രാജാവായി. താനാണ് ദൈവം തിരഞ്ഞെടുത്തിരിക്കുന്ന രാജാവെന്നു ശമൂവേൽ അവനെ അറിയിച്ചപ്പോൾ, ഞാൻ യിസ്രായേൽ ഗോത്രങ്ങളിൽ ഏറ്റവും ചെറുതായ ബെന്യാമീൻ ഗോത്രത്തിൽ ഉള്ളവനും എന്റെ കുടുംബം ബെന്യാമീൻ ഗോത്രത്തിൽ സകലകുടുംബങ്ങളിലും വച്ച് ഏറ്റവും ചെറിയതുമായിരിക്കെ നീ ഇങ്ങനെ എന്നോടു പറയുന്നത് എന്ത്? 1 ശമൂവേൽ 9:21. ഹാ! എത്ര താഴ്മ, എത്ര വിനയം! അതേ ആരംഭം എത്ര നല്ലത്! നാമും ഇങ്ങനെയല്ലേ? നമ്മുടെ ക്രിസ്തീയജീവിതം ഒന്നു തിരിഞ്ഞുനോക്കാം. കർത്താവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിച്ച് വീണ്ടും ജനിച്ച ദിവസം.“ഈ ഒന്നുമില്ലാത്ത എളിയവളെ സ്വന്തമകളാക്കി സ്വർഗ്ഗീയപിതാവു സ്വീകരിച്ചുവല്ലോ” എന്നു പറഞ്ഞു എളിമപ്പെട്ടു. കാലം കഴിഞ്ഞു ശൗലിനു പറ്റിയ തോൽവി നമ്മെയും ബാധിച്ചു. സ്വന്തമിടുക്കുകൊണ്ടു ലഭിച്ച പദവി. നമ്മുടെ ആത്മിക ജീവിതവും ഇതു തന്നെ അല്ലേ? ഉണർവ്വും തീക്ഷ്ണതയുമുള്ളവരായി മടങ്ങി വരാം. ശൗലിന്റെ പിന്നീടുള്ള ജീവിതത്തിൽ പരാജയങ്ങൾ അടിക്കടി സംഭവിച്ചു. നാം എത്ര ഭയത്തോടെ നമ്മുടെ ക്രിസ്തീയജീവിതം നയിക്കണമെന്നു അതു നമ്മെ പഠിപ്പിക്കുന്നു. നമ്മെത്തന്നെ ദൈവസന്നിധിയിൽ താഴ്ത്താം ദൈവം സഹായിക്കട്ടെ.

**തങ്കമ്മ സാം, തിരുവനന്തപുരം**

# ഉൾമുറിയിലെ പതിയിരിപ്പുകാർ

യിസ്രായേൽമക്കൾക്കു ന്യായാധിപനായിരുന്ന ശിംശോൻ തന്റെ ജനനം മുതൽ യഹോവയ്ക്ക് വേർതിരിക്കപ്പെട്ടവനായിരുന്നു. അസാധാരണമായ ശക്തിയും അവനുണ്ടായിരുന്നു. അക്കാലത്ത് ഫെലിസ്ത്യരായിരുന്നു യിസ്രായേലിനെ വാണിരുന്നത്.

ശിംശോന്റെ മഹാശക്തിയും അമാനുഷിക പ്രവൃത്തികളും നിമിത്തം പ്രയാസത്തിലായ ഫെലിസ്ത്യ പ്രഭുക്കന്മാർ അവന്റെ മഹാശക്തി ഏതിൽ എന്നും അവനെ പിടിച്ചുകെട്ടി ഒതുക്കേണ്ടത് എങ്ങനെയെന്നും അറിയേണ്ടതിനു ശിംശോന്റെ ഭാര്യയായ ദലീലയെ വശീകരിച്ചു. ഫെലിസ്ത്യ പ്രഭുക്കന്മാരിൽ ഓരോരുത്തരും ആയിരത്തൊരുന്നൂറു വെള്ളിപ്പണമായിരുന്നു ദെലീലയ്ക്ക് പ്രതിഫലമായി വാഗ്ദാനം ചെയ്തിരുന്നത്. തന്റെ ഭർത്താവായ ശിംശോന്റെ മഹാശക്തി ഏതിലെന്ന് അറിയേണ്ടതിനു ഫെലിസ്ത്യപ്രഭുക്കന്മാരുടെ വശീകരണത്തിനു വഴങ്ങിയ ദെലീലാ പരിശ്രമം ആരംഭിച്ചു.

"അങ്ങനെ ദെലീലാ ശിംശോനോട് നിന്റെ മഹാശക്തി ഏതിൽ ആകുന്നു? ഏതിനാൽ നിന്നെ ബന്ധിച്ചു ഒതുക്കാം? എനിക്കു പറഞ്ഞു തരേണം എന്നു പറഞ്ഞു" (ന്യായാ. 16:6). എന്നാൽ സത്യം വെളിപ്പെടുത്താതെ ശിംശോൻ അവളോട് ഉണങ്ങാത്ത ഏഴു പച്ച ഞാണുകൊണ്ട് ബന്ധിച്ചാൽ തന്റെ ബലം ക്ഷയിക്കുമെന്ന് പറഞ്ഞു. ഫെലിസ്ത്യ പ്രഭുക്കന്മാർ ഉടനെ തന്നെ, ഉണങ്ങാത്ത ഏഴു പച്ച ഞാണ് അവൾക്ക് എത്തിച്ചുകൊടുക്കയും, ശിംശോൻ പറഞ്ഞത് സത്യമോ എന്ന് പരീക്ഷിക്കാനെന്ന വ്യാജേന അവനെ ആ ഞാണുകൊണ്ട് ബന്ധിക്കയും ചെയ്തു. "അവളുടെ ഉൾമുറിയിൽ പതിയിരിപ്പുകാർ പാർത്തിരുന്നു". (16:9) ശിംശോനേ, ഫെലിസ്ത്യർ ഇതാ വരുന്നു എന്നു പറഞ്ഞു ദെലീലാ അവനെ ഉണർത്തിയപ്പോൾ ആ ഞാണുകൾ പൊട്ടിച്ചുകളഞ്ഞ് അവൻ സ്വതന്ത്രനായി. അതുകൊണ്ടു തന്നെ ഉൾമുറിയിലെ പതിയിരിപ്പുകാർക്കു പുറത്തിറങ്ങുകയോ ശിംശോനെ നേരിടുകയോ ചെയ്യേണ്ടി വന്നില്ല. ദെലീലാ തന്നെ ചതിക്കുകയാണെന്നോ നീ എന്തിനു എന്നെ ബന്ധിക്കുവാൻ ശ്രമിച്ചുവെന്നോ നിനക്കു എന്നോടു സ്നേഹമുണ്ടായിരുന്നുവെങ്കിൽ എന്റെ വാക്കുകൾ വിശ്വസിക്കാതെ എന്നെ ബന്ധിക്കുവാൻ ശ്രമിക്കയില്ലായിരുന്നുവെന്നോ ഒന്നും ശിംശോൻ അവളുടെ പ്രവൃത്തിയോട് പ്രതികരിക്കുന്നതായി നാം കാണുന്നില്ല. മറിച്ച് ദെലീല

യാണ് തന്റെ ആദ്യ പരിശ്രമം പരാജയപ്പെട്ടതിനെ തുടർന്ന് 'നീ എന്നെ ചതിച്ചു എന്നോടു ഭോഷ്ക്കു പറഞ്ഞു' എന്നിങ്ങനെ പ്രതികരിച്ചത്!

അവളുടെ ഉള്ളിൽ അവൾ അകൃത്യവും ചതിവും കരുതിയിരുന്നു. അവളുടെ ഉൾമുറിയിൽ പതിയിരിപ്പുകാരും ഉണ്ടായിരുന്നു. അവനെ ഒറ്റിക്കൊടുക്കുന്നതിന് പണവും അവൾ പറഞ്ഞൊത്തിരുന്നു. എന്നിട്ടും ദെലീലാ പറയുന്നത് ശിംശോൻ അവളെ ചതിച്ചുവെന്നാണ്! വീണ്ടും രണ്ടുപ്രാവശ്യം കൂടെ അവനെ ബന്ധിച്ചുകൊണ്ടുള്ള പരീക്ഷണത്തിനു ശിംശോൻ സന്നദ്ധനായി അഥവാ നിന്നുകൊടുത്തു. ഈ മൂന്നു പ്രാവശ്യവും ഉള്ളിൽ ചതിവു സംഗ്രഹിച്ചും പതിയിരിപ്പുകാരെ ഉൾമുറിയിൽ പാർപ്പിച്ചും തന്റെ ഭർത്താവിനെ ബന്ധിച്ച ദെലീലാ പറയുന്നത് ശിംശോൻ മൂന്നുപ്രാവശ്യം അവളെ ചതിച്ചു ഭോഷ്ക്കു പറയുന്നുവെന്നാണ്.

ശിംശോന്റെ ആദ്യഭാര്യയും ഇപ്രകാരം അവനെ കബളിപ്പിച്ച് അവന്റെ ഉള്ളിലെ രഹസ്യം ചോർത്തിയിരുന്നു (14:17) ഇപ്പോൾ ദെലീലായും അവന്റെ ശക്തിയുടെ രഹസ്യം ചോർത്തുകയും ഉറക്കുകയും ഒതുക്കുകയും ചെയ്തു. ശിംശോന്റെ ദുരിതത്തിനും മരണത്തിനും കാരണമായിത്തീർന്നത് അവളുടെ ചതിയായിരുന്നു. അവളുടെ ഉൾമുറിയിലെ പതിയിരിപ്പുകാരായിരുന്നു. എന്നിട്ടും ദെലീലയെയോ ആദ്യഭാര്യയെയോ ഒന്നും അവൻ കുറ്റപ്പെടുത്തുകയോ ശാസിക്കയോ ഒന്നും ചെയ്തതായി നാം കാണുന്നില്ല. എന്നാൽ "ഞാൻ ഉൾപൂവുകളെയും ഹൃദയങ്ങളെയും ആരായുന്നവൻ" (വെളി.2:23) എന്നു കർത്താവു പറയുന്നുണ്ട്. ഹൃദയത്തിന്റെ ഉള്ളറയിലോ വീടിന്റെ ഉൾമുറിയിലോ എവിടെ പതിയിരിക്കുന്ന ചതിയും അവൻ ആരാഞ്ഞറിയുകയും വെളിപ്പെടുത്തുകയും ചെയ്യും.

"നീ എന്നെ പരീക്ഷിച്ചു ദുരുദ്ദേശ്യമൊന്നും കണ്ടെത്തുന്നില്ല" (സങ്കീ. 17:3) എന്നു ദാവീദു പ്രാർത്ഥിക്കുന്നുണ്ട്. എന്നാൽ, അവൻ ബേത്ത്-ശേബയെ തന്റെ കൊട്ടാരത്തിലേക്ക് വിളിച്ചുവരുത്തിയപ്പോൾ അവന്റെ ഹൃദയത്തിൽ ദുരുദ്ദേശ്യം ഉണ്ടായിരുന്നില്ലേ? ഊരിയാവിനെ അവന്റെ വീട്ടിലേക്കു പോകുവാൻ ദാവീദ് നിർബന്ധിച്ചതിൽ ദുരുദ്ദേശ്യം ഉണ്ടായിരുന്നില്ലേ? (2 ശമൂ. 11:3,8). യൂദ യേശുവിനെ ചുംബിച്ചപ്പോൾ അവന്റെയുള്ളിൽ വഞ്ചനയുണ്ടായിരുന്നില്ലേ? (മത്താ. 26:49) പണസഞ്ചി കൈവശം വച്ചിരുന്നപ്പോഴും അവന്റെ ഹൃദയത്തിന്റെ ഉൾമുറിയിൽ ചതിയും പണക്കൊതിയും ഉണ്ടായിരുന്നില്ലേ? "നീതിമാനായ ദൈവം ഹൃദയങ്ങളെയും അന്തരിന്ദ്രിയങ്ങളെയും ശോധന ചെയ്യുന്നുവല്ലോ" (സങ്കീ. 7:9) എന്നും "ഞാൻ എന്റെ ഹൃദയത്തിൽ അകൃത്യം

*ശേഷം പേജ് 28 കാണുക*

# പ്രത്യാശ നഷ്ടപ്പെട്ടവരോ?

വിശുദ്ധ വേദപുസ്തകത്തിൽ യെഹെസ്കേൽ പ്രവചനം 37-ാം അദ്ധ്യായം 1-14 വരെയുള്ള ഭാഗങ്ങളിൽ നാം ഇങ്ങനെ വായിക്കുന്നു യഹോവയുടെ ആത്മാവിൽ എന്നെ പുറപ്പെടുവിച്ച് താഴ്വരയുടെ നടുവിൽ നിർത്തി; അത് അസ്ഥികൾ കൊണ്ട് നിറഞ്ഞിരുന്നു. അവൻ എന്നോടു മനുഷ്യപുത്രാ, ഈ അസ്ഥികൾ ജീവിക്കുമോ എന്നുപോദിച്ചു. അതിന് ഞാൻ യഹോവയായ കർത്താവേ നീ അറിയുന്നുവെന്നു ഉത്തരം പറഞ്ഞു. അവൻ എന്നോടു കല്പിച്ചത് ഈ അസ്ഥികളെക്കുറിച്ച് പറയേണം ഉണങ്ങിയ അസ്ഥികളെ യഹോവയുടെ വചനം കേൾപ്പിൻ.

ഈ ഭാഗങ്ങളിലെ പ്രതിപാദ്യവിഷയം യെഹെസ്കേലിന് ദൈവത്തിന്റെ സാന്മാർഗ്ഗിക പരിപൂർണ്ണതയുടെ ഒരു ദർശനം ലഭിച്ചു. ഇസ്രായേൽ ജനം ഒന്നടങ്കം അധഃപതിച്ചിരിക്കുന്നു. എന്നാൽ യെരുശലേം നശിപ്പിക്കപ്പെടുന്നതിനു മുമ്പ് ബാബിലോണിലേക്ക് കൊണ്ടുപോകപ്പെട്ട ഈ പ്രവാചകൻ ദൈവത്തിന്റെ സന്ദേശങ്ങൾ വിവിധ തലങ്ങളിലൂടെയാണ് പ്രവാസത്തിൽ കഴിഞ്ഞിരുന്ന ജനങ്ങളെ അറിയിച്ചിരുന്നത്. അവ ദർശനങ്ങളായിട്ടും, പ്രവചനങ്ങളായിട്ടും, പ്രതീകങ്ങളുമായിട്ടുമായിരുന്നു. ഇവിടെ നമുക്ക് കാണാൻ കഴിയുന്ന ഒരു വസ്തുത യെഹെസ്കേലിനെ ചില ഉദ്ദേശ്യത്തോട് നിയോഗിക്കുന്നു. വാഗ്ദത്തനാടായ കനാനിൽ നിന്നും പിഴുതെറിയപ്പെട്ട ശേഷം സ്വന്തമായൊരു രാജ്യമോ, രാജാവോ ഇല്ലാതെ സ്വതന്ത്രമായൊരു ജീവിതമോ, പ്രവർത്തനമോ, ദൈവികാരാധനയോ ഇല്ലാതെ പ്രത്യാശ നഷ്ടപ്പെട്ട് നിരാശയുടെ പടുകുഴിയിൽ കിടക്കുന്ന പ്രവാസികളോട് ദൈവത്തിന്റെ അരുളപ്പാട് അറിയിക്കുക.

ഇസ്രായേൽ ജനം ഉണങ്ങിയ അസ്ഥികളെപ്പോലെയിരിക്കുന്നതാണ് അവരുടെ താത്ക്കാലിക അവസ്ഥയെങ്കിലും ദൈവം അവരെ വീണ്ടും കൂട്ടിച്ചേർക്കുകയും അവരുടെയുള്ളിൽ ജീവശ്വാസം ഊതി വീണ്ടും അവരെ വർദ്ധിപ്പിക്കയും വർത്തമാനകാലത്തിൽ ന്യായവിധി വഴി മാറിക്കൊടുക്കയും അങ്ങനെ ഞാൻ യഹോവയെന്നു നിങ്ങൾ അറിയുകയും ചെയ്യുമെന്നായിരുന്നു യെഹെസ്കേലിന്റെ സന്ദേശത്തിൽ ഉണ്ടായിരുന്നത്.

പാപം ചെയ്തതു മുഖാന്തരമുണ്ടായ വലിയ വിപത്ത്, വിലാപങ്ങളുടെ പുസ്തകം 5:15-ൽ രേഖപ്പെടുത്തിയിരിക്കുന്നതിങ്ങനെ.

ഞങ്ങളുടെ ഹൃദയസന്തോഷം ഇല്ലാതെയായി. ഞങ്ങളുടെ നൃത്തം വിലാപമായിത്തീർന്നു. ഞങ്ങളുടെ തലയിലെ കിരീടം വീണുപോയി. ഹൃദയത്തിനു രോഗം പിടിച്ചിരിക്കുന്നു. ഇതു നിമിത്തം ഞങ്ങളുടെ കണ്ണ് മങ്ങിയിരിക്കുന്നു.

പ്രിയപ്പെട്ട സഹോദരങ്ങളേ അക്ഷരാർത്ഥത്തിൽ ഈ കാല ഘട്ടവും അതിനു സമമല്ലേ? നാം ഉണങ്ങിയ അസ്ഥികളെപ്പോലെയും പ്രത്യാശ നഷ്ടപ്പെട്ടവരായുമാണോ എങ്കിൽ കർത്താവിന്റെ വചനത്തി ലേക്കു മടങ്ങിവരുക. ബുദ്ധികൊണ്ട് പറയുന്ന മനുഷ്യൻ പറയും ഈ സാഹചര്യങ്ങളിൽ നിന്നവർക്ക് മോചനമില്ല. ഇവർ രക്ഷപ്പെടുമോ എന്നു ചോദിച്ചവരുടെ മുമ്പിൽ തന്റെ വചനങ്ങൾ നല്കി ധൈര്യം നല്കുന്ന കർത്താവ്. നമ്മുടെ ഉണങ്ങിയ ജീവിതസാഹചര്യങ്ങളിൽ നിന്നും പ്രത്യാശ നഷ്ടപ്പെട്ടയിടങ്ങളിൽ നിന്നും നമ്മെ സംരക്ഷണം ചെയ്യാൻ സ്വർഗ്ഗത്തിലെ ദൈവം കാത്തിരിക്കുന്നു. നമ്മിൽ നിന്നും നഷ്ടപ്പെട്ടു പോയ ദൈവതേജസ്സ് മടക്കികിട്ടുവാനുള്ള ഏകമാർഗ്ഗം നമ്മിലെ പാപ ങ്ങളെയും, ജഡത്തിന്റെ ഇച്ഛകളെയും, ലോകത്തിന്റെ മോഹങ്ങളെയും വിട്ട് ദൈവവ്യവസ്ഥയിലേക്ക് മടങ്ങി വരുകയെന്നുള്ളതാണ്.

എങ്ങനെയാണ് നമ്മുടെ പ്രത്യാശയ്ക്ക് ഭംഗം വന്നത്? ആദ്യമായി നാം തിരിച്ചറിയുക. നമ്മുടെ പരിശോധനകൾ വിവിധതലങ്ങളിലൂടെ യാണ്. നമ്മിൽ നിന്നും വലിയ പരിത്യാഗം ദൈവം ആവശ്യപ്പെടുന്നു. പ്രയാസമുള്ള വഴികളിലൂടെ നടത്തി (ആവ. 8:2) പരാമർശിച്ചിരിക്കുന്നു. ഹൃദയത്തിലുള്ളവയെ അറിയാൻ തക്കവണ്ണം (2 ദിന. 32: 31) കഷ്ടം സഹിപ്പാൻ സന്ദർഭം നല്കിക്കൊണ്ട് (അപ്പൊ.പ്രവൃ. 20:23) പരീക്ഷകൾ അനുവദിച്ചുകൊണ്ട് (യാക്കോ. 1:2).

നാം തിരഞ്ഞെടുത്ത പാപത്തിന്റെ പാതകൾ ഏതൊക്കെയാണ്? സങ്കീ.52:3 ൽ രേഖപ്പെടുത്തിയിരിക്കുന്നു, നീ നന്മയെക്കാൾ തിന്മയെയും നീതിയെ സംസാരിക്കുന്നതിനെക്കാൾ വ്യാജത്തെയും ഇഷ്ടപ്പെടുന്നു. സദൃ. 2:15 അവർ വളഞ്ഞ വഴിക്കു പോകുന്നവരും ചൊവ്വല്ലാത്ത പാതയിൽ നടക്കുന്നവരും ആകുന്നു. സദൃ. 9:17 മോഷ്ടിച്ച വെള്ളം മധു രവും ഒളിച്ചുതിന്നുന്ന അപ്പം രുചികരവും ആകുന്നു. നാം എങ്ങനെ പാപജീവിതത്തിലേക്ക് ചായുന്നുവെന്ന് ഹോശയ്യ 13:2-ൽ രേഖപ്പെടു ത്തിയിരിക്കുന്നു.

നമ്മുടെ കാഴ്ച്ചപ്പാടുകൾ മങ്ങാൻ കാരണമെന്ത്? ജഡത്തിന്റെ ഇച്ഛകൾ ലോകസുഖസൗകര്യങ്ങളാകുന്ന പ്രതാപത്തെ നോക്കു മ്പോൾ ദൈവവ്യവസ്ഥയെ മറന്നോടുവാൻ പ്രേരണ നല്കുകയും

തന്മൂലം നാം ഉണങ്ങിയ അസ്ഥിക്കു സമാനവും പ്രത്യാശ നഷ്ട പ്പെട്ടവരുമായിത്തീരുന്നു. ആയതുകൊണ്ടു വചനത്താൽ ജീവൻ പ്രാപിക്കണം. വിശ്വാസത്താൽ നിത്യജീവൻ പ്രാപിക്കണം. ആത്മീയനുതാപത്താൽ യഥാസ്ഥാനപ്പെടണം: നമ്മെ മുടിക്കുവാൻ വരുന്ന ദുഷ്ടൻ കയറാതവണ്ണം ക്രിസ്തുവാകുന്ന രക്ഷയുടെ വാതിൽ തുറന്നു തരുന്ന യേശു അപ്പച്ചനോടു ചേർന്നിരിക്കാം നമുക്ക്. നാം നമ്മെ തന്നെ പണിയുവാൻ തുടങ്ങുമ്പോൾ ദൈവശബ്ദം കേൾക്കുവാനിടയാകും. ഇതാകുന്നു വഴിയെന്നുള്ള അരുമനാഥന്റെ മൃദുസ്വരം കേൾക്കാനിടയാകും.

ആയതുകൊണ്ട് നമുക്കുള്ള പദവി എന്തെന്നു തിരിച്ചറിയാം. തന്റെ വൃതന്മാരെന്നു വിളിക്കപ്പെട്ടവർ, തിരഞ്ഞെടുക്കപ്പെട്ട പുരോഹിതവർഗ്ഗം, യഹോവയാൽ തിരഞ്ഞെടുത്തവർ. സകലജാതികളെക്കാളും ശക്തിയും, സമാധാനവും നല്കി അനുഗ്രഹിച്ചവർ. ഇതു മറന്നോടിയാൽ നിശ്ചയമായും പ്രത്യാശ നഷ്ടപ്പെടും. അതുകൊണ്ട് കർത്താവിന്റെ വചനത്താൽ നാം ഓരോ ദിവസവും പരിശോധിക്കപ്പെടുകയും ദൈവഹിതമല്ലാത്ത എല്ലാവഴികളെയും വിട്ടോടുകയും വേണം. അങ്ങനെയുള്ളവർക്കു മാത്രമേ ദൈവകരം കൂടെയിരുന്ന് ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരാൻ സാധിക്കയുള്ളൂ. ഓർക്കുക. മനുഷ്യരുടെ ഭൗമിക ജീവിതം ലോകത്തോടും, പാപത്തോടുമുള്ള പരീക്ഷണ ഘട്ടങ്ങളാണ്. പാപം നമ്മെ വശീകരിക്കാനും പാപസ്നേഹം നമ്മിൽ രൂഢമൂലമാകുവാനും അനർത്ഥത്തിൽ നമ്മെ വീഴ്ത്താനും സദാ ജാഗരിച്ചുകൊണ്ടിരിക്കുന്നു. ഇങ്ങനെ നാം വീണുപോയാൽ നമ്മിലെ കാഴ്ച്ചപ്പാടുകൾ മാറും ഉണങ്ങിയ അസ്ഥികളെപ്പോലെ നമ്മുടെ സന്തോഷം കെട്ടുപോകും. പ്രത്യാശ നഷ്ടപ്പെടും. ആയതുകൊണ്ട് ഹൃദയത്തിൽ ന്യായപ്രമാണം എഴുതപ്പെട്ടവരായി ദൈവികസംരക്ഷണം ഏറ്റെടുക്കുന്നവരായി ഇനിയുള്ള നാളുകൾ നമുക്കോരുത്തർക്കും യേശു അപ്പച്ചന്റെ വചനത്തിലാശ്രയിച്ച് ജീവിക്കുവാൻ കർത്താവ് നമ്മെ ഓരോരുത്തരെയും സഹായിക്കുകയും അനുഗ്രഹിക്കയും ചെയ്യട്ടെയെന്നുള്ള പ്രാർത്ഥനയോടുകൂടി നിർത്തുന്നു.

‘ലോകം പാപം പിശാച് എന്നെ തൊടുകയില്ല.
ദുഷ്ടഘോരശത്രു എന്നെ കാണുകയില്ല
അങ്ങേ ചിറകിൻ മറവിലാണു ഞാൻ
എന്റെ വിശ്വാസം വർദ്ധിപ്പിക്കണമേ’.

**എൽസി തോമസ്, മേക്കരിങ്ങാട്ട്**

## വികാരം, വിചാരം, യുക്തി, ബുദ്ധി, ആത്മീയത: ബഹുമാനപ്പെട്ട മറിയയുടെ ചില പ്രസക്ത പ്രതികരണങ്ങൾ

യേശുക്രിസ്തുവിന്റെ അമ്മയായി ദൈവപുത്രനെ വളർത്താനും പരിപാലിക്കാനും ദൈവം ഒരു യുവതിയെ തിരഞ്ഞെടുത്തു. അവളുടെ വ്യക്തിത്വം പലരും അനുചിതമായി (മധ്യസ്ഥയായി) ഉയർത്തിയിട്ടുണ്ടെങ്കിലും, ബൈബിളിലെ യഥാർത്ഥ മറിയ ശ്രദ്ധേയ സ്ത്രീയായിരുന്നു. അതുല്യ ചുമതല ലഭിച്ച സ്ത്രീയുടെ ദൂതനോടുള്ള ആദ്യ പ്രതികരണങ്ങൾ മാത്രമാണ് ഇവിടെ വിശകലനത്തിനു വിധേയമാക്കുന്നത്. (ലൂക്കൊസ് 1 :26–56 അടിസ്ഥാനത്തിൽ). വിശ്വാസത്തിന്റെ ഈ സ്ത്രീയിൽനിന്നും നമുക്കെല്ലാവർക്കും പഠിക്കാൻ സ്വഭാവസവിശേഷതകളുണ്ട്.

പരിശുദ്ധാത്മാവിനാൽ മറിയ ഗർഭം ധരിച്ചു, ഒരു ശിശുവിന് ജന്മം നല്കുമെന്ന് ദൂതൻ അവളോട് പറഞ്ഞപ്പോൾ, മറിയയുടെ പ്രതികരണം ധീരവും അഗാധവുമായിരുന്നു. ദൈവഹിതത്തോടു യോജിച്ചുകൊണ്ട് അവൾ അനുസരണയുള്ളവളായിത്തീർന്നുവെന്നത് ആശ്ചര്യമുളവാക്കുന്നു. ലൂക്കൊസ് 1:27–29 ദാവീദ് ഗൃഹത്തിലുള്ള യോസേഫ് എന്നൊരു പുരുഷനു വിവാഹം നിശ്ചയിച്ചിരുന്ന കന്യകയുടെ അടുക്കൽ അയച്ചു; ആ കന്യകയുടെ പേർ മറിയ എന്നു ആയിരുന്നു. ദൂതൻ അവളുടെ അടുക്കൽ അകത്തു ചെന്നു: കൃപലഭിച്ചവളേ, നിനക്കു വന്ദനം; കർത്താവു നിന്നോടുകൂടെ ഉണ്ടു എന്നു പറഞ്ഞു. അവൾ ആ വാക്കു കേട്ടു ഭ്രമിച്ചു: ഇതു എന്തൊരു വന്ദനം എന്നു വിചാരിച്ചു.

ദൂതന്റെ ആദ്യ അഭിവന്ദനത്തിൽ 3 ഘടകങ്ങൾ ഉണ്ട് : കൃപ ലഭിച്ചവൾ, വന്ദനം, കർത്താവു നിന്നോടുകൂടെ ഉണ്ട്. കേൾക്കുന്ന ശബ്ദമെല്ലാം ദൈവികമാണോ എന്ന് വിലയിരുത്താനുള്ള ഉത്തരവാദിത്തം നമുക്കുണ്ട് എന്ന് ഈ പ്രതികരണങ്ങൾ നമ്മെ പഠിപ്പിക്കുന്നു.

1. ശരിയായ നിയന്ത്രണ വിധേയമായ വികാരം കൃത്യമായ സമയത്തുണ്ടായിരിക്കണം: മറിയ ഭ്രമിച്ചു (Perplexed) ഒരു മാനസിക ഞെട്ടൽ. അവൾ ആ വാക്കു കേട്ടു ഭ്രമിച്ചു : എന്താണ് സംഭവിക്കുന്നത് എന്ന് അറിയാത്ത അവസ്ഥ. ഒരു അശരീരി. ഒരു ദൂതൻ എന്തിനു എനിക്ക് വന്ദനം ചൊല്ലണം? ആത്മീയ ഭൗതിക വിഷയങ്ങളിൽ സ്വാഭാവിക പ്രതികരണം പാപമല്ല. എന്നാൽ ഭ്രമിച്ചു എന്നതുകൊണ്ട് മാനസിക ആഘാതം ഉണ്ടായി എന്ന് വ്യാഖ്യാനിക്കുവാനും സാധിക്കില്ല.

2. ആരോഗ്യപരമായ ആന്തരിക ചോദ്യങ്ങൾ അഥവാ വിചാരങ്ങൾ.

ഇതു എന്തൊരു വന്ദനം എന്നു വിചാരിച്ചു. സമ്മിശ്ര വികാരവിചാരങ്ങൾ, അതിശയം, ഞെട്ടൽ, സംശയം, ആശയക്കുഴപ്പം, പലവിധ ചോദ്യങ്ങൾ നിമിഷങ്ങൾക്കുള്ളിൽ മിന്നൽ വേഗത്തിൽ മറിയയുടെ മനസ്സിലൂടെ അതിവേഗം പാഞ്ഞ നിമിഷങ്ങൾ. ശരിയായ വിചാരങ്ങൾ ആരോഗ്യമുള്ള മനസ്സിന്റെ നല്ല ലക്ഷണമാണ് എന്ന് മറിയയുടെ ആന്തരിക പ്രതികരണം പഠിപ്പിക്കുന്നു. സംശയ ദൃഷ്ടിയല്ല, പ്രത്യുത വസ്തുത അറിയാനുള്ള ആകാംക്ഷയാണ് നാം മറിയയുടെ വിചാരത്തിൽ കാണുന്നത്.

3. സാമാന്യയുക്തിയും ബുദ്ധിയും ഒത്തുചേർന്ന മറുചോദ്യങ്ങൾ. ആരോഗ്യപരമായ മനസ്സിന്റെയും വ്യക്തിത്വത്തിന്റെയും ലക്ഷണമാണിത്. കാര്യഗൗരവത്തോടെ യാഥാർഥ്യ ബോധത്തോടെ ന്യായമായ ചോദ്യം വാമൊഴിയായി ദൂതനോട് ചോദിച്ചു. ദൂതനല്ലേ പറഞ്ഞതു എന്ന് കരുതി കണ്ണടച്ച് എല്ലാം വിശ്വസിക്കുകയായിരുന്നില്ല, തിരസ്കരിക്കുകയും ചെയ്തില്ല. ഒരു സ്വാഭാവിക സത്യാമ്പേഷണം.

4. കേട്ട കാര്യങ്ങൾ വാസ്തവമാണോ എന്ന് പരിശോധിച്ചു, സ്ഥിരീകരിച്ചു. ദൈവം നല്കിയ ബുദ്ധി കൃത്യസമയത്തു മറിയ ഉപയോഗിച്ചു. ഈ ദൈവിക വെളിപ്പെടുത്തലിന് ഒരു തെളിവുകൂടി ദൂതൻ അവൾക്ക് നല്കി. മറിയയുടെ ചർച്ചക്കാരിയായ എലിസബത്ത് വാർദ്ധക്യത്തിൽ ഒരു മകനെ ഗർഭം ധരിച്ചിരിക്കുന്നു. ദൂതൻ വെളിപ്പെടുത്തിയത് സത്യമോ എന്ന് ആരാഞ്ഞറിഞ്ഞു. മറിയ എലിസബത്തിനെ സന്ദർശിക്കുവാൻ പോയി. കേട്ടത് ഒക്കെയും വിശ്വസിച്ചു എന്നാൽ വിശ്വസിച്ച കാര്യങ്ങൾ സത്യസന്ധമാണോ എന്ന് പരിശോധിക്കുവാൻ ബുദ്ധിയോടുകൂടി മറിയ പ്രവർത്തിച്ചു.

5. സാമാന്യ യുക്തിക്കും ബുദ്ധിക്കും അതീതമാണ് ആത്മീയ തലമെന്നു മറിയ വിശ്വസിക്കുകയും ചെയ്തു. വികാരവിചാര; യുക്തിബുദ്ധി, തെളിവുകൾക്കതീതമായി തന്റെ വിശ്വാസത്തിനും തീരുമാനങ്ങൾക്കും വിധേയത്വത്തിനും സ്ഥാനവും പ്രസക്തിയുമുണ്ട്. ദൈവിക വെളിപ്പെടുത്തലിനോട് വികാരം, വിചാരം, യുക്തി, ബുദ്ധി, ആത്മീയത എല്ലാം ഒത്തു ചേർന്നിണങ്ങുന്ന അതിന്റെ മനോഹര വ്യക്തിവൈശിഷ്ട്യം. കേൾക്കുന്നതെന്തും അതേപടി വിശ്വസിക്കുന്ന ഒരു വ്യക്തിയായിരുന്നില്ലല്ലോ ബഹുമാന്യ മറിയ. ദൈവിക പദ്ധതിയും ദൈവിക വെളിപ്പെടുത്തലും സ്വമനസ്സാൽ, നിറഞ്ഞ മനസ്സോടെ, ശേഷം ചോദ്യമേതുമില്ലാതെ സ്വീകരിക്കുവാനുള്ള വിധേയത്വം, വിനയം, താഴ്മ ദൈവബോധം, ആത്മീയത മറിയയിൽ ഉണ്ടായിരുന്നു.

ഇന്ന് അനേക സ്ത്രീപുരുഷന്മാർ ദൈവത്തിന്റെ പേരിൽ ദൈവിക

വെളിപ്പാടുകൾ, ആലോചനകൾ കേൾക്കാനായി പലരുടെയും അരികിൽ പോകുന്നതു ശ്രദ്ധേയമാണ്. ബഹുഭൂരിപക്ഷവും ദൈവവചനവുമായി പുലബന്ധം ഇല്ലാത്ത ആലോചനകളാണെന്നുള്ളതും അനേകർ തകർന്നു പോയിട്ടുണ്ടെന്നുള്ളതും വാസ്തവമാണ്.

ഇന്ന് അനേക വിധത്തിലുള്ള ആത്മീയ തന്ത്രങ്ങളും ആത്മികതയുടെ പേരിലുള്ള ധാരാളം അപക്വമായ ആലോചനകളും അരുളപ്പാടുകളും ഉപദേശങ്ങളും പ്രവചനങ്ങളും ശരിയായ വിധത്തിൽ അവലോകനം ചെയ്യാതെ ജീവിതത്തിൽ തകർന്നുപോയ അനേകർ നമുക്കിടയിലുണ്ട്. കർത്താവായ യേശുക്രിസ്തുവിനെ സ്വീകരിക്കുവാൻ യേശുക്രിസ്തുവിനെ ഈ ഭൂമിയിൽ മനുഷ്യ അവതാരമായി ജനിപ്പിക്കുവാൻ ദൈവം തിരഞ്ഞെടുത്ത ഭാഗ്യവതിയായ ബഹുമാനപ്പെട്ട മറിയയുടെ സവിശേഷതകൾ ഏതൊരു വ്യക്തിക്കും പ്രചോദനമാണ്. മഹനീയ സ്ത്രീ കഥാപാത്രമായ മറിയയുടെ പേരിലുള്ള അനേക ദുരുപദേശങ്ങൾ ഇന്ന് നമ്മുടെ സമൂഹത്തെ വഞ്ചിക്കുന്നു. ശരിയായ വികാരവിചാരങ്ങളും ശരിയായ യുക്തിബുദ്ധിയും സത്യസന്ധമായ ആത്മീയതയും വെളിപ്പെടുത്തിയിരിക്കുന്ന ദൈവവചനം മനസ്സിലാക്കാനും വിലയിരുത്തുവാനും പ്രബോധിപ്പിക്കുന്നു. മറിയയെക്കുറിച്ച് സുവിശേഷങ്ങളിലൂടെ മനസ്സിലാക്കണമെന്ന് ക്രിസ്തുയേശുവിന്റെ നാമത്തിൽ പ്രബോധിപ്പിക്കുകയും ഉത്സാഹിപ്പിക്കുകയും ചെയ്യുന്നു, ഈ പുതിയ വർഷത്തിൽ അതിനായി സർവ്വശക്തൻ സഹായിക്കുമാറാകട്ടെ.

**പാസ്റ്റർ സിബി തോമസ്, തിരുവനന്തപുരം**

## Quest 98 - ന്റെ ശരി ഉത്തരങ്ങൾ

1. നയമാൻ (2 രാജാ. 5:1)
2. ലിബ്ന (2 രാജാ. 23:31)
3. ഹില്ക്കീയാവിന്റെ മകൻ എല്യാക്കീം (2 രാജാ. 18:18)
4. സിബ്യാ (2 രാജാ. 12:1)
5. ബാൽസെബൂബ് (2 രാജാ. 1:2)
6. യേഹൂ (2 രാജാ. 10:11)
7. ഹില്ക്കീയാവ് (2 രാജാ. 22:8)
8. ശമര്യയിൽ (2 രാജാ. 13:9)
9. രാജാവിന്റെ അകമ്പടി നായകൻ എലീശയോട് (2 രാജാ. 7:2)
10. എലീശാ (2 രാജാ. 2:12)
11. സോവിന്റെ (2 രാജാ. 17:4)
12. ഹസായേൽ (2 രാജാ. 8:13)
13. ശാഫാത്ത് (2 രാജാ. 3:11)
14. യെഹോശേബ (2 രാജാ. 11:2)
15. അമിത്ഥായി (2 രാജാ. 14:25)
16. ആമോൻ (2 രാജാ. 21:18)
17. ഹമൂതൽ (2 രാജാ. 24:18)
18. എവീൽ-മെരോദക് (2 രാജാ. 25:27)
19. പതിനാറ് (2 രാജാ. 15:2)
20. പ്രവാചക ശിഷ്യന്മാർ എലീശയോട് (2 രാജാ. 6:1)

# സൗദി അറേബ്യ തുറന്ന വാതിൽ

"എയർ ഇന്ത്യയുടെ AI 807-ാം ജംബോ സർവ്വീസിൽ ദഹറാനിലേക്കുള്ള യാത്രക്കാരെല്ലാം ഇമിഗ്രേഷൻ നടപടികൾക്കുശേഷം സുരക്ഷിത പരിശോധനയ്ക്കായി ആറാമത്തെ വാതില്ക്കൽ പോകേണ്ടതാണ്" എന്നുള്ള ആഹ്വാനം എന്നെ ഉണർത്തി. മറ്റു യാത്രക്കാരോടൊപ്പം ഞാനും നീണ്ട ക്യൂവിൽ സ്ഥാനം പിടിച്ചു. സമയം രാവിലെ 6 മണി. തലേ ദിവസം ഭാരത ബന്ദിന് പ്രതിപക്ഷ കക്ഷികൾ നല്കിയ നോട്ടീസുമൂലം ഞാൻ 2 ദിവസം നേരത്തെ ബോംബെയിലെത്തി.

എയർ ഇന്ത്യയുടെ കൃഷ്ണരായ ബോയിംഗ് വിമാനത്തിന്റെ 21 എ സീറ്റിലാണ് എനിക്ക് ഇരിപ്പിടം കിട്ടിയത്. ഡൽഹിവഴി ദഹറനിലേക്കുള്ള ജംബോ വിമാനത്തിന്റെ പകുതിയോളം ഇരിപ്പിടങ്ങൾ ശൂന്യമായിക്കിടക്കുന്നു. കനിഷ്കയുടെ തകർച്ചയ്ക്കുശേഷം ഉണ്ടായ ഇരുത്തലിനുശേഷം യാത്രക്കാരുടെ തിരക്ക് നേടിവരുന്നതേയുള്ളൂ നമ്മുടെ എയർ ഇന്ത്യ അന്തർദേശീയ വിമാനസർവീസുകളിൽ ഉയർന്ന നിലവാരം പാലിക്കുന്ന ഒന്നാണ് എയർ ഇന്ത്യ എന്ന് നിരവധി വിമാന സർവീസുകളിൽ യാത്ര ചെയ്തിട്ടുള്ള എനിക്ക് പറയുവാൻ കഴിയും.

ജയിലുകളിലെ സുവിശേഷ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ട് 14 വർഷം ആകുന്നു. ഇതുവരെ ചെയ്തിട്ടുള്ള യാത്രകളിൽ നിന്നെല്ലാം വിഭിന്നമായ ഒരു യാത്രയിലാണ് ഞാൻ. എണ്ണക്കിണറുകളുടെ കലവറയും തദ്വാരാ പെട്രോഡോളറിന്റെ ആസ്ഥാനവുമായ സൗദി അറേബ്യയുടെ തലസ്ഥാനമായ റിയാദ് ആണ് എന്റെ സന്ദർശന സ്ഥലം. അവിടെനിന്നും ദമാം, ജിദ്ദ അൽക്കോബർ എന്നിവിടങ്ങളും സന്ദർശിക്കണം. മിലനിലെ യു.എൻ ക്രൈം കോൺഗ്രസിൽവച്ച് പരിചയപ്പെടുവാനിടയായ ഡോ. ഇബ്രാഹിം അൽവാജിയുടെ ക്ഷണപ്രകാരമാണ് എന്റെ സന്ദർശനം. അദ്ദേഹം അവിടെ ആഭ്യന്തരവകുപ്പിൽ മന്ത്രിയുമാണ്. ചക്രവർത്തിയുടെ ക്ഷണമായതിനാൽ ഞാൻ രാജ്യത്തിന്റെ അതിഥിയായിട്ടാണ് ചെന്നിറങ്ങുന്നത്. ഏതെങ്കിലും ഒരു അറബിരാജ്യം ഒരു ക്രിസ്തീയ സംഘടനയെ ക്ഷണിക്കുന്നതും ഇതാദ്യമാണ്. സുവിശേഷം അറിയിക്കുവാൻ സൗദിയിൽ എനിക്കു

ഡോ. കുഞ്ഞുമോൻ ചാക്കോ എഴുതിയ
**"തടവുകാരെ തേടി"**
എന്ന പുസ്തകത്തിൽ നിന്നും

മുമ്പേ പോയ പലരും വ്യത്യസ്തമായ തൊഴിലും വ്യത്യസ്തമായ സന്ദർശനോദ്ദേശ്യവും പ്രഖ്യാപിച്ചുപോയപ്പോൾ ദൈവം എന്നെ മാനിക്കുവാൻ പ്രസാദിച്ചത് ഇങ്ങനെയാണ്. പോലീസ്, ജയിൽ, നീതിന്യായ വകുപ്പിലെ മേധാവികളുമായി ചില കൂടിക്കാഴ്ച്ചകൾ, റിയാദിലെ അറബ് കറക്ഷ്ണൽ സെന്ററിലെ ഇൻസ്റ്റിറ്റ്യൂട്ടിൽ പഠിപ്പിക്കുക, ചില ജയിലുകൾ സന്ദർശിക്കുക, തടവുകാരുടെ പുനരധിവാസം, കുറ്റവാളികളുടെ സ്വഭാവസംസ്കരണം എന്നിവ കണ്ടുപഠിക്കുക തുടങ്ങിയവയാണ് എന്റെ ഒരുമാസത്തെ സന്ദർശന ഉദ്ദേശ്യം.

മറ്റുള്ള എല്ലാ യാത്രകളെക്കാളും പ്രവർത്തനങ്ങളെക്കാളും വളരെ പ്രാർത്ഥനയുടെ ഒരുക്കം ഈ പ്രാവശ്യം ഉണ്ട്. ജയിൽ പ്രവർത്തനങ്ങളെ ഓർത്ത് പതിവായി പ്രാർത്ഥിക്കുന്നവരുടെ പിൻബലം എനിക്കുണ്ട്. ഫെബ്രുവരി 25 രാവിലെ നാലര മണിക്ക് ഓഫീസിലെ സ്റ്റാഫംഗങ്ങൾ പ്രാർത്ഥിച്ചാണ് എന്നെ അയച്ചത്. അതിന്റെ തലേദിവസം 5 മണിക്ക് വടവാതൂർ സെമിനാരിയിലെ വിദ്യാർത്ഥികളും സ്റ്റാഫംഗങ്ങളും ഒരു പ്രത്യേകയോഗം നടത്തി എനിക്കായി പ്രാർത്ഥിച്ചത് ഒരു പ്രത്യേക അനുഭവവും അദ്ധ്യായവും ആണ്. ആ യാത്രയെക്കുറിച്ച് ചിന്തിക്കുവാനും ക്രമീകരണം ചെയ്യുവാനും തുടങ്ങുന്ന അന്നുമുതൽ വലിയ പോരാട്ടം എന്റെ ഉള്ളിൽ ഉണ്ടായിരുന്നു. എന്റെ ധൈര്യവും ബലവും ഈ പോരാട്ടത്തിൽ ക്ഷയിച്ചപ്പോഴെല്ലാം പുനരുത്ഥാനം ചെയ്ത കർത്താവ് എന്നെ ശക്തിപ്പെടുത്തി. എന്റെ ബലഹീനതയിൽ അവൻ സഹതാപം കാണിച്ചു. ദൈവം എക്കാലത്തും ബലഹീനന്മാരെയും ശക്തിഹീനരെയും ഉപയോഗിച്ച് വൻകാര്യങ്ങൾ സാധിച്ചിട്ടുള്ളതിന്റെ സംഗ്രഹമാണ് ക്രൈസ്തവ സഭാചരിത്രം എന്ന് ഓർത്ത് ഞാൻ ആശ്വസിച്ചു. എന്റെ പ്രിയപ്പെട്ടവൾ ജയിനമ്മയ്ക്കും തെല്ലൊരു ആശങ്ക ഉണ്ടായിരുന്നത് കൊച്ചി വിമാനത്താവളത്തിൽ വച്ച് എനിക്ക് അവളുടെ മുഖത്ത് കാണാമായിരുന്നു. അവളുടെ പ്രാർത്ഥനയും പിന്തുണയും കഴിഞ്ഞ പതിനാലുവർഷത്തെ പ്രവർത്തനരംഗത്ത് അചഞ്ചലമായിട്ട് ഉള്ളതിൽ ഞാൻ ഭാഗ്യവാനാണ്. എന്റെ മക്കൾ ഇരുവരും മുടങ്ങാതെ എന്റെ ഈ യാത്രയ്ക്കായി പ്രാർത്ഥിക്കുന്നുണ്ടായിരുന്നു.

ഈ യാത്രയുടെ ഒരുക്കങ്ങളോടു ചേർന്ന് ഞാൻ ചാൾസ് കോൾസന്റെ Life Sentence എന്ന പുസ്തകവും, ഖുറാൻ (മൗലവിയുടെ തർജമയും) താത്പര്യത്തോടെ വായിക്കുകയായിരുന്നു. സൗദി അറേബ്യ ഒരു ഇസ്ലാമിക് രാജ്യമാണ്. മറ്റ് മതസ്ഥർക്ക് അവിടെ സ്വാതന്ത്ര്യമില്ല. ആ പരിതഃസ്ഥിതിയിലേക്കാണ് ഞാൻ പ്രിസൺ ഫെലോഷിപ്പ് ഇന്റർനാഷണലിന്റെ പ്രതിനിധിയായി പോവുന്നത്. ആ രാജ്യത്ത് തടവുകാ

രുണ്ട്. അവരുടെ സ്വഭാവരൂപീകരണത്തിലും പരിഷ്കരണത്തിലും അവിടുത്തെ ഗവൺമെന്റിന് ചിന്താഭാരമുണ്ട്. ഇന്ത്യയിലും ഇതര രാജ്യങ്ങളിലും ഞങ്ങൾ ചെയ്യുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അവിടെ പറയണം എന്തെല്ലാം പറയാം, എങ്ങനെയെല്ലാം പറയാം, പറഞ്ഞാലത്തെ പ്രതികരണം എന്താകും, ഒരുപക്ഷേ വിസ കാലാവധി തീരുന്നതിനു മുമ്പേ തിരിച്ച് അയയ്ക്കുമോ, അതിലധികമെന്തെങ്കിലും സംഭവിക്കുമോ എന്ന സംഘട്ടനങ്ങൾ മനസ്സിൽ നടന്നു കൊണ്ടിരുന്നു. എന്നാൽ എന്നെ ഈ ശ്രേഷ്ഠമായ ദൗത്യത്തിനായി വിളിക്കുകയും ആക്കിവയ്ക്കുകയും അനേക തടവുകാർക്ക് ആശ്വാസവും സന്തോഷവും ഉണ്ടാകുവാൻ ഉപയോഗിക്കുകയും ചെയ്തവന്റെ കൈകളിൽ എല്ലാം സമർപ്പിച്ചു കൊടുത്തു.

മുസ്ലീമുകളുടെ പുണ്യഭൂമിയായ സൗദി അറേബ്യയുടെ മണ്ണിലേക്ക് ക്രിസ്തുവിന്റെ സാക്ഷിയായി, സുവിശേഷത്തിന്റെ സന്ദേശവാഹകനായി, പോകുവാനിടയായതിലുള്ള ഭാഗ്യത്തിൽ ഞാൻ സംതൃപ്തി കണ്ടെത്തി. എന്തു സംഭവിച്ചാലും 1972-ൽ ഞാൻ എന്റെ യജമാനന്റെ മുമ്പിൽ ചെയ്ത തീരുമാനം ഓർത്തു. വൈഷമ്യങ്ങൾ പലതുണ്ടായി. സ്വന്തക്കാരിൽനിന്നും, ജനിച്ചു വളർന്നതും പരിചയിച്ചതുമായ സഭക്കാരിൽനിന്നും ഉണ്ടായ എല്ലാ പ്രതികൂല സാഹചര്യങ്ങളിലും എന്നെ കൈയ്ക്കുപിടിച്ചു നിർത്തിയവനിൽ ഞാൻ എന്നെത്തന്നെ പ്രതിഷ്ഠിച്ചു. കലപ്പയ്ക്കു കൈവച്ചശേഷം പുറകോട്ടില്ല എന്ന് ആവർത്തിച്ചു പറഞ്ഞു. പക്ഷേ ഈ യാത്ര മുഖേന അറബി രാജ്യങ്ങളിലെ ജയിലുകളിൽ ഒരു വാതിൽ തുറന്നുകിട്ടിയാൽ ഞാനെത്ര പദവിയുള്ളവനാണ്. അടഞ്ഞു കിടക്കുന്ന വാതിലിലൂടെ പ്രവേശനാനുമതി ലഭിക്കുന്നതിൽ ഞാൻ മുമ്പനാവുകയും പിന്നാലെ അനവധി ആളുകൾക്ക് പ്രവേശിക്കുവാൻ കഴിയുകയും ചെയ്താൽ യജമാനനുവേണ്ടിയുള്ള അദ്ധ്വാനത്തിൽ ഞാൻ കൃതാർത്ഥനാണ്. ഈ ശുശ്രൂഷ എന്നുവരേക്കുള്ളതെന്ന് ആരെങ്കിലും ചോദിച്ചാൽ ഒരു മറുപടിയേയുള്ളു: ജീവപര്യന്തം! മാന്യവായനക്കാരാ, നിങ്ങൾ ഒരുപക്ഷേ ജീവിക്കുവാൻ മതിയായ ലക്ഷ്യവും അർത്ഥവും കണ്ടെത്തിയിട്ടില്ലായിരിക്കും. വഴി ഇതിലേ എന്ന് യേശുനാഥൻ ആഹ്വാനം ചെയ്യുന്നു. യേശുവിനെ അനുഗമിക്കുക. താൽക്കാലിക ലോക ഇമ്പങ്ങളുടെ പുറകെ മരീചികതേടുന്നതു മതിയാക്കി നിത്യമായ ശാന്തിയുടെ മാർഗ്ഗത്തിലേക്ക് വരിക. ക്രിസ്തുവുമായി ഒരു ഉടമ്പടി ചെയ്ത വ്യക്തി ആകുന്നു നിങ്ങൾ എങ്കിൽ, പതറാതെ ക്രിസ്തുവിനെ മാത്രം നോക്കി മുന്നോട്ടു പോവുക. ഹ്രസ്വകാല

*ശേഷം പേജ് 36 കാണുക*

# കുടുംബത്തകർച്ചയുടെ വേരുകൾ

വ്യത്യസ്ത സാഹചര്യങ്ങളിൽ ജനിച്ചു വളർത്തപ്പെട്ട രണ്ടു വ്യക്തികളാണല്ലോ ഭാര്യയും ഭർത്താവും. ഏതു ബന്ധത്തിലുമെന്ന പോലെ ദാമ്പത്യജീവിതത്തിലും അഭിപ്രായവ്യത്യാസമുണ്ടാകും. പാലും പഞ്ചസാരയും പോലെ പരസ്പരം ലയിച്ചുചേർന്ന് ഏത് കാലത്തും മുന്നോട്ടുപോകാമെന്നു വിചാരിക്കരുത്. വളരെ നിസ്സാരകാര്യങ്ങൾ കൊണ്ട് ആരംഭിക്കുന്ന കുടുംബപ്രശ്നങ്ങൾ ക്രമേണ ഗുരുതരാവസ്ഥയിൽ എത്തിച്ചേരുന്നു. ദാമ്പത്യജീവിതത്തിലെ പ്രശ്നങ്ങൾ ദമ്പതികളെ മാത്രമല്ല, മക്കളുടെ ജീവിതത്തെയും നരകപൂർണ്ണമാക്കുന്നു. ദാമ്പത്യജീവിതത്തെ കലുഷിതമാക്കുന്ന അനേക ഘടകങ്ങളുണ്ട്. അവയിൽ ചിലത് ചർച്ച ചെയ്യാം.

**ആശയ വിനിമയത്തിന്റെ അഭാവം**

വിവാഹത്തിന്റെ ആദ്യനാളുകളിൽ ദമ്പതിമാർ കൊച്ചുവർത്തമാനത്തിന് ധാരാളം സമയമെടുക്കുന്നു. കാലം മുന്നോട്ടു പോകുന്തോറും പരസ്പരം മനസ്സു തുറക്കുന്നതിനുള്ള അവസരങ്ങൾ കുറഞ്ഞു തുടങ്ങുന്നു. ദീർഘദൂരയാത്രകളിൽ ചില ദമ്പതികളെ നിരീക്ഷിച്ചു നോക്കു. മദ്ധ്യവയസ്സിൽ എത്തിയിട്ടു പോലും യാത്രയുടെ ആരംഭം മുതൽ വാഹനത്തിൽ നിന്നു ഇറങ്ങുന്നതു വരെ ചില ദമ്പതികൾ സംസാരിച്ചു കൊണ്ടിരിക്കും. അവരുടെ ദാമ്പത്യജീവിതം മധുരതരമാണെന്ന് പ്രത്യേകം പറയേണ്ടതില്ല. എന്നാൽ മറ്റു ചില ദമ്പതികൾ യാത്രാവേളയിൽ പരസ്പരം ഉരിയാടാറില്ല. ഇവിടെയെങ്കിലും സ്വസ്ഥമായി ഒന്ന് ഇരിക്കാമെന്നായിരിക്കും അവർ കരുതുന്നത്. ഒന്നുകിൽ പുറത്തേക്ക് നോക്കിയിരിക്കും അല്ലെങ്കിൽ ഉറങ്ങാനുള്ള തയ്യാറെടുപ്പു നടത്തും. ഓ, എന്താണ് ഇത്ര സംസാരിക്കുവാനുള്ളതെന്നാണ് അവരുടെ ചിന്ത. കൗൺസലിംഗിനായി സമീപിച്ച ഒരു യുവതിയുടെ കത്തിലെ വരികളുടെ ചുരുക്കം ഇങ്ങനെയാണ്. എന്റെ വിവാഹം കഴിഞ്ഞിട്ട് രണ്ട് വർഷമായി ഒരു കുഞ്ഞുമുണ്ട്. ഇപ്പോൾ ഭർത്താവ് എന്നോട് മിണ്ടുന്നില്ല. വേറെ മുറിയിലാണ് അദ്ദേഹം ഉറങ്ങുന്നത്. ഭർത്താവിന്റെ പിണക്കത്തിന്റെ കാരണം പോലും പാവം ആ യുവതിക്ക് അറിയില്ല. അവർ

> **ജോസഫ് ഇടക്കാട്ടിൽ എഴുതിയ "കുടുംബം നമ്മുടെ സ്നേഹക്കൂട്" എന്ന പുസ്തകത്തിൽ നിന്നും**

ഒന്നിച്ചിരുന്ന് സംസാരിക്കാത്തതാണ് അതിന്റെ മൂലകാരണം ജീവിതപങ്കാളിയുടെ മുഖത്തുണ്ടാകുന്ന ചെറിയ ഭാവമാറ്റങ്ങൾ പോലും തിരിച്ചറിയാൻ കഴിയണം. ഭാവമാറ്റത്തിന്റെ കാരണം സ്നേഹത്തോടെ ചോദിച്ചു മനസ്സിലാക്കാൻ ശ്രമിക്കാത്തവരുടെ ജീവിതം ക്രമേണ തകർച്ചയിലേക്ക് നീങ്ങും. മനസ്സിലുണ്ടാകുന്ന ചെറിയ മുറിവുകൾ അപ്പോൾ തന്നെ കഴുകി വൃത്തിയാക്കിയില്ലെങ്കിൽ അത് പഴുത്ത്, വിങ്ങി ക്രമേണ സഹിക്കാൻ വയ്യാത്ത അവസ്ഥയിൽ എത്തിച്ചേരുകയും ചെയ്യും.

**ദാമ്പത്യജീവിതത്തിലെ അവിശ്വസ്തത**

കുടുംബജീവിതത്തിലെ അവിശ്വസ്തത കുടുംബത്തകർച്ചയുടെ ഒരു പ്രധാന കാരണമാണ്. ദൈവഭയമില്ലാതെ ജീവിക്കുന്നവരുടെ ഇടയിലാണ് ഇത്തരം അവിശ്വസ്തതയുടെ ഉദാഹരണങ്ങൾ കൂടുതലായി കാണുന്നത്. ദൈവം വെച്ചിരിക്കുന്ന വ്യവസ്ഥ ഒരു പുരുഷന് ഒരു സ്ത്രീ എന്നാണ്. ഈ പ്രമാണം തെറ്റിക്കുന്നവർക്കെല്ലാം ദൈവിക ശിക്ഷയുടെ വാൾ അനുഭവിക്കേണ്ടി വരുന്നു. ഇങ്ങനെ അവിഹിത ബന്ധത്തിലേക്ക് പോകുന്നതിന് പല കാരണങ്ങൾ ഉണ്ട്. കാരണങ്ങൾ എന്താണെങ്കിലും ഇങ്ങനെയുള്ള കേസുകളിൽ കുടുങ്ങിയവർക്ക് കുടുംബജീവിതത്തിൽ സമാധാനം കിട്ടില്ല. ഇങ്ങനെയുള്ളവർ കൗൺസലിംഗിന് വരുവാൻ മടി കാണിക്കുന്നു. വന്നാൽ തന്നെ അവരെ കൂട്ടിയോജിപ്പിക്കുവാൻ വളരെ ബുദ്ധിമുട്ടേണ്ടി വരുന്നു മനസ്സാ വാചാ കർമ്മണാ തന്റെ ജീവിതപങ്കാളി തന്നോട് വിശ്വസ്തത പാലിക്കണമെന്നാണ് ഒരോരുത്തരും വാശിപിടിക്കുന്നത്. ഇക്കാര്യത്തിൽ സ്ത്രീയും പുരുഷനും തുല്യ സ്വാർത്ഥമതികളാണ്.

**ആത്മീയ ജീവിതത്തിന്റെ അഭാവം**

സ്ത്രീയും പുരുഷനും ചേർന്നതുകൊണ്ടോ അവർക്ക് മക്കൾ ജനിച്ചതുകൊണ്ടോ ഉത്തമ കുടുംബജീവിതം ഉണ്ടാകണമെന്നില്ല. കുടുംബാംഗങ്ങൾ ശരിയായ ആത്മീയജീവിതം നയിക്കുന്നവരായിരിക്കണം. ഒരു ചടങ്ങ് എന്നതുപോലെ ആരാധനാലയങ്ങൾ സന്ദർശിച്ചതുകൊണ്ടോ പുറമേ ഭക്തി പ്രകടിപ്പിച്ചതുകൊണ്ടോ പ്രയോജനമില്ല. പുറമേ ഭക്തി പ്രകടിപ്പിക്കുന്ന പലരും രഹസ്യമായി പാപജിവിതം നയിക്കുന്നവരാണ്. നേർച്ചകാഴ്ച്ചകളും തീർത്ഥാടനങ്ങളും നടത്തുന്നതിനെക്കാൾ ദൈവാത്മാവിന്റെ നിയന്ത്രണത്തിലുള്ള ജീവിതം നയിക്കുന്നതിനാണു പ്രാധാന്യം കൊടുക്കേണ്ടത്. ദൈവഭയമില്ലാതെ ജീവിക്കുന്നവരുടെ കുടുംബജീവിതം പൊതുവിൽ നിരാശാജനകവും ഏതു നിമിഷവും പൊട്ടിത്തകരാവുന്നതുമാണ്.

**വന്ധ്യത**

കുടുംബജീവിതത്തെ ഏറ്റവും കെട്ടുറപ്പുള്ളതാക്കുന്നതും മധുരതരമാക്കുന്നതുമായ ഘടകമാണ് മക്കൾ. ഭാര്യ തന്റെ കുഞ്ഞിനെ ഗർഭം ധരിച്ചിരിക്കുന്നു എന്നറിയുന്ന ഭർത്താവിനു ഭാര്യയോട് എന്തെന്നില്ലാത്ത ഒരു സ്നേഹം ആരംഭിക്കുകയായി. ഈ പശ്ചാത്തലത്തിൽ വേണം വന്ധ്യതയെ വിലയിരുത്താൻ. വന്ധ്യത ഒരു കുറവോ ശാപമോ അല്ല. ദമ്പതികൾ ഇക്കാര്യത്തിൽ ഉള്ളു തുറന്ന് സംസാരിക്കുകയും വന്ധ്യത ഒരാളിൽ മാത്രം ആരോപിക്കാതെ രണ്ടു പേരുടെയും പ്രശ്നമായി അതേറ്റെടുത്ത് പ്രാർത്ഥിക്കുകയും ചികിത്സിക്കുകയും വേണം.

**സാമ്പത്തിക അച്ചടക്കമില്ലായ്മ**

സാമ്പത്തിക പ്രശ്നങ്ങൾ ദാമ്പത്യത്തെയും ബാധിച്ചു തുടങ്ങിയിരിക്കുന്നു. പണമില്ലാത്തവൻ പിണം എന്ന തത്ത്വശാസ്ത്രം നമ്മുടെ ചിന്താഗതിയെ കീഴടക്കിക്കൊണ്ടിരിക്കുന്നു. സാമൂഹ്യനിലവാരം പുലർത്താൻ വേണ്ടി പണം കടം വാങ്ങിപ്പോലും ചെലവാക്കുന്നവരുണ്ട്. വരവനുസരിച്ച് ചെലവാക്കാൻ ദമ്പതികൾക്കു കഴിഞ്ഞില്ലെങ്കിൽ ദാമ്പത്യജീവിതത്തിൽ കല്ലുകടിയാരംഭിക്കും. കുടുംബത്തിന്റെ ബജറ്റ് തയ്യാറാക്കുന്നതു ദമ്പതിമാർ രണ്ടുപേരും കൂടിയാവണം. അത്യാവശ്യ കാര്യങ്ങൾക്കു മുൻഗണനാക്രമത്തിൽ പണം ചെലവഴിക്കുക. ആഡംബരങ്ങൾക്കുവേണ്ടിയോ അയൽപക്കവുമായി കിടമത്സരം നടത്തുന്നതിനോ പണം ചെലവഴിക്കുത് ദമ്പതിമാർ പരസ്പരം അറിയാതെ പുറത്തുള്ളവരുമായി സാമ്പത്തിക ഇടപാടുകൾ നടത്തുന്നത് ഒഴിവാക്കണം.

**മാനസിക പ്രശ്നങ്ങളും മാരകരോഗങ്ങളും**

വിവാഹത്തിനു മുമ്പു മാനസിക പ്രശ്നമുള്ളവർക്കു വിവാഹം കഴിഞ്ഞാൽ അതു മാറുമെന്നു പരക്കെ ഒരു തെറ്റിദ്ധാരണയുണ്ട്. പക്ഷേ, മാനസികരോഗമുള്ളവർ വിവാഹം കഴിച്ചാൽ പ്രശ്നങ്ങൾ കൂടുതൽ വഷളാകുകയാണു ചെയ്യുക. മാതാപിതാക്കളുടെ തണലിൽ കഴിഞ്ഞ ഇക്കൂട്ടർ കൂടുതൽ ഉത്തരവാദിത്വമുള്ള കുടുംബജീവിതത്തിൽ പ്രവേശിക്കുമ്പോൾ അവരുടെ ജീവിതം കൂടുതൽ സംഘർഷഭരിതമാകുന്നു. അതുകൊണ്ടു മാനസിക പ്രശ്നമുള്ളവർ പ്രാർത്ഥനയിലൂടെയോ ചികിത്സയിലൂടെയോ അതിനു പരിഹാരം കണ്ടതിനുശേഷമേ വിവാഹജീവിതത്തിൽ പ്രവേശിക്കാവൂ.

മാരകമായ ഏതെങ്കിലും രോഗമുണ്ടെങ്കിൽ അതു തുറന്നുപറ

ഞ്ഞതിനു ശേഷമേ വിവാഹജീവിതത്തിൽ പ്രവേശിക്കാവു. ഇല്ലെങ്കിൽ വിവാഹമോചനത്തിനു ഇതൊരു കാരണമായി പലരും എടുത്തു പ്രയോഗിക്കാറുണ്ട്. വിവാഹത്തിനു ശേഷമാണു മാരകരോഗം പിടിക്കുന്നതെങ്കിൽ ദമ്പതികൾ സഹിഷ്ണുതയോടെ ഈ പ്രശ്നത്തെ കൈകാര്യം ചെയ്യേണ്ടതാണ്. ജീവിതപങ്കാളിയുടെ സ്നേഹവും സാന്ത്വനവും ഏറ്റവും കൂടുതൽ ആഗ്രഹിക്കുന്ന സന്ദർഭം നമുക്കു രോഗങ്ങൾ പിടിപെടുമ്പോഴാണ്. എന്നാൽ, ദൈവഭയമില്ലാത്തവരും വിശ്വാസജീവിതം നയിക്കാത്തവരുമായ ചിലർ ജീവിതപങ്കാളി രോഗിയായിത്തീർന്നു എന്നറിയുമ്പോൾ അവരെ ഉപേക്ഷിക്കുവാൻ ശ്രമിക്കുന്നവരുമുണ്ട്. ഇവിടെ മാരകരോഗമല്ല കുടുംബം തകർക്കുന്നത് പ്രത്യുത, അതിനോടുള്ള പങ്കാളിയുടെ മനോഭാവമാണ്.

**പാസ്റ്റർ ജോസഫ് ഇടക്കാട്ടിൽ**

---

## Quest 98-ന്റെ ശരി ഉത്തരങ്ങൾ അയച്ചവർ

1. ജെസ്സി മോൻസൺ, കരിയംപ്ലാവ്, തിരുവല്ല
2. മോളിക്കുട്ടി ചാക്കോ, കണ്ണൂർ
3. ഗ്രേസ് ശാമുവേൽ, ഓമല്ലൂർ, പത്തനംതിട്ട
4. ജോയമ്മ സാംസൺ, കൊല്ലം
5. എൽസി തോമസ്, മീൻതുള്ളി, കണ്ണൂർ
6. ലീല കെ.വി. പുളിയ്ക്കൽ കവല, കോട്ടയം
7. വിദ്യാ ബാബു, പാറോട്ടുകോണം, തിരുവനന്തപുരം
8. സിബി വർഗ്ഗീസ്, ഇടമലയ്ക്കൽ, അഞ്ചൽ
9. ലൈസ സാമുവേൽ, മുംബൈ
10. സൂസമ്മ എബ്രഹാം, പാമ്പാടി, കോട്ടയം
11. കുഞ്ഞുമോൾ ഈപ്പച്ചൻ, ഉള്ളൂർ, തിരുവനന്തപുരം
12. ജോളി എബ്രഹാം, കാട്ടുമുണ്ട, മലപ്പുറം
13. സി.എം. മാമ്മൻ, കേന്ദ്രീയ വിഹാർ, മുംബൈ
14. ബിന്ദു സി.എസ്. വഞ്ചിയൂർ, തിരുവനന്തപുരം
15. സുമ റെജി, ത്രിക്കണ്ണമംഗൽ, കൊട്ടാരക്കര
16. ഡെയ്സി ബിജോയ് ജോൺസ്, ഇടപ്പള്ളി, കൊച്ചി
17. പ്രജിത മൈക്കിൾ, വട്ടിയൂർക്കാവ്, തിരുവനന്തപുരം
18. എത്സമ്മ പീറ്റർ, വാളയാർ, പാലക്കാട്
19. ജോളി ഷാജി, കരുവാറ്റ, അടൂർ
20. അന്നമ്മ എബ്രഹാം പെരുമന്നൂർ, കൊച്ചി

**ക്വെസ്റ്റ് 98-ന്റെ ഉത്തരങ്ങൾ അയച്ച ഏവർക്കും നന്ദി.**
**വിജയികൾക്ക് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ**

**ക്വിസ് മാസ്റ്റർ**

# ക്രിസ്തുവാകുന്ന മൂലക്കല്ലിന്മേൽ അടിസ്ഥാനം ഇടുക

ക്രിസ്ത്യാനികളുടെ അവകാശത്തിനായി ഗവൺമെന്റ് ഇട പെടണം എന്നുള്ള ലേഖനം ഒരു മാസികയിൽ വായിക്കുവാൻ ഇട യായി. അതിന്റെ വെളിച്ചത്തിലാണ് ഈ ലേഖനം തയ്യാറാക്കുന്നത്. പീഡ ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ പ്രത്യേകതയാണോ! അപ്പൊ സ്തല പ്രവൃത്തികളിൽ നാമെന്താണു വായിക്കുന്നത്? ക്രിസ്തീയ സഭയുടെ ജനനവും വളർച്ചയും അതിൽ വിശദമായി രേഖപ്പെടുത്തി യിരിക്കുന്നു. പത്രൊസിന്റെയും പൗലൊസിന്റെയും പ്രവർത്തനങ്ങളുടെ വിശദവിവരണമാണ് അതിലെ ഉള്ളടക്കം. പൗലൊസ് ക്രിസ്ത്യാനികളെ കൊന്നുമുടിക്കുവാൻ ഗവണ്മെന്റിനോടു അധികാരപത്രവും വാങ്ങി പുറപ്പെട്ടവൻ അല്ലയോ? ഇരുവരും കർത്താവിനാൽ പിടിക്കപ്പെട്ട് കർത്താവിന്റെ അതേ പടി അനുഷ്ഠിച്ചവർ അത്രേ. ക്രൈസ്തവ വിശ്വാസത്തിന്റെ കേന്ദ്രബിന്ദു ഉയിർത്തെഴുന്നേറ്റ് ഇന്നും ജീവിക്കുകയും പിതാവിന്റെ വലതുഭാഗത്ത് വിശ്വാസിക്കുവേണ്ടി വാദിക്കുകയും ചെയ്യുന്ന ഒരു വക്കീലും ജാമ്യക്കാരനും ആണ്. മതേതരമാജ്യമായ ഇൻഡ്യയിൽ ക്രിസ്ത്യാനിക്കു വിലക്കു കല്പിച്ചിരിക്കുന്നെങ്കിൽ അതിൽ എന്തിനാണു നാം അത്ഭുതപ്പെടുന്നത്? ആദിമനൂറ്റാണ്ടിലെ ക്രിസ്ത്യാനികളെയും ഇതിലധികം ചെയ്തില്ലയോ? ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ പ്രത്യേകതയോ മതത്തിന്റെ പേരിലുള്ള ഉപദ്രവം? കർത്താവിനെയും കർത്താവിനോടുകൂടെ നടന്നവരെയും പകച്ച ലോകം നമ്മെ പകയ്ക്കുന്നതിൽ എന്തിനതിശയം? ഇസ്രായേലിലെ പരമോന്നതകോടതിയാണ് സന്നദ്രീം സംഘം. അവരുടെ മുമ്പിലാണ് പത്രൊസ് പ്രസംഗിച്ചത്. ആ കോടതി മുമ്പാകെയാണ് സ്തേഫാ നോസും പൗലൊസുമൊക്കെ വിസ്തരിക്കപ്പെട്ടതും.

വേദപുസ്തകം ഇല്ലായ്മ ചെയ്യുവാൻ ജനകോടികൾ കിണഞ്ഞു പരിശ്രമിക്കുംതോറും അതിന്റെ വ്യാപ്തി ലോകമെങ്ങും ക്രമാതീതമായി വർദ്ധിച്ചിട്ടില്ലേ? ഏതെങ്കിലും ഹൈന്ദവമതഗ്രന്ഥത്തെ നശിപ്പിക്കുന്ന തിനോ ഹിന്ദുക്കളെ ഉപദ്രവിക്കുന്നതിനോ ക്രിസ്ത്യാനികൾ മുതിരു ന്നുണ്ടോ? വിവിധമതങ്ങൾക്കും അവയെ പ്രചരിപ്പിക്കാനും സ്വാതന്ത്ര്യ മുള്ള രാജ്യമാണിത്. എന്നിട്ടും മതത്തിന്റെ പേരിൽ ന്യൂനപക്ഷത്തോടു അനീതി കാണിക്കുന്നു. അകാരണമായി പീഡിപ്പിക്കുന്നു. ആദിമനൂറ്റാ ണ്ടിൽ മതേതരത്ത്വം ഇല്ലായിരുന്നുവെന്നു ഞാൻ കരുതുന്നു.

എനിക്കതിനെപ്പറ്റി വലിയ അറിവില്ല. ക്രിസ്ത്യാനിക്കു നീതി നിഷേധിക്കുന്നത് ഒരു രാജ്യത്തിനും ചേർന്നതല്ല. അപ്പൊസ്തല പ്രവൃത്തികൾ 17-ാം അദ്ധ്യായത്തിൽ പൗലൊസിനെയും ശീലാസിനെയും കാരാഗൃഹത്തിൽ അടച്ചതിന്റെ പരിണതഫലം ചിന്തിക്കുക. കാരാഗൃഹപ്രമാണിയുടെയും കുടുംബത്തിന്റെയും ആത്മരക്ഷ ദൈവത്തിനു പ്രധാനമായിരുന്നു. കർത്താവിന്റെ ശിഷ്യന്മാർ ഒഴികെയുള്ള ആദിമവിശ്വാസികൾ പീഡമൂലം ചിതറിപ്പോയതായി അപ്പൊ. പ്രവൃത്തികൾ 8:14 വരെയുള്ള വാക്യങ്ങളിൽ കാണുന്നു. വിവിധസ്ഥലങ്ങളിലെത്തിയവർ വെറുതെയിരുന്നില്ല.

'നിന്നുടെ കോപം എന്നുടെ ഭാഗ്യമായിത്തീർന്നു. അവിടെയെല്ലാം സുവിശേഷം പ്രസ്താവിക്കയും അത്ഭുതങ്ങൾ പ്രവർത്തിക്കയും ചെയ്തു. അനേകർ രക്ഷിക്കപ്പെട്ടു. കർത്താവിന്റെ ശിഷ്യന്മാർ രോഗശാന്തി വരുത്തുവാൻ പ്രാപ്തരായിരുന്നു. പാപശാന്തി പ്രസംഗിക്കുവാനും രോഗികളെ സൗഖ്യമാക്കുവാനും അവർക്കു വരം കൊടുത്തിരുന്നു. നാമും വിശ്വാസത്തോടെ പ്രാർത്ഥിക്കുക. ദൈവം ഇന്നും സൗഖ്യമാക്കുന്ന ദൈവം തന്നെ. വിശ്വാസത്തോടെ അവരവർ പ്രാർത്ഥിച്ചാൽ മതിയാകും

എതിർപ്പുകൾ ഉണ്ടാക്കുന്നവരെ കർത്താവു കൈകാര്യം ചെയ്തുകൊള്ളും. അധികം ഉപദ്രവിക്കുന്നവർ നന്നായി സൂക്ഷിക്കണം. ആദിമനൂറ്റാണ്ടിലെ വിശ്വാസികളെ ഏതെല്ലാം രീതിയിൽ ഉപദ്രവിച്ചു? എണ്ണയിൽ പൊരിച്ചു; തലകീഴായി ക്രൂശിച്ചു; കല്ലെറിഞ്ഞു; നാടുകടത്തി. ഇതെല്ലാം നമ്മുടെ മുൻഗാമികൾ സഹിച്ചതല്ലേ? വിശ്വസിപ്പാൻ മാത്രമല്ല, അവനുവേണ്ടി കഷ്ടം സഹിപ്പാനുമായി വരം ലഭിച്ച വിശ്വാസി ലോകരുമായി പോരാടാൻ പാടില്ല. കഷ്ടത എന്ന വരത്തിനായി ആഗ്രഹിക്കുന്നുവോ? അതോ സുഖമായി ജീവിക്കണം, മനുഷ്യരാൽ മാനിക്കപ്പെടണം, പണം സമ്പാദിക്കണം ഈ വരങ്ങളാണോ കാംക്ഷിക്കുന്നത്? എത്രയും പണക്കാരൻ ആകണമെന്നുള്ള ചിന്തയാണു പലർക്കും കർത്താവിന്റെ വേലയുടെ പിന്നിലുള്ള താത്പര്യം. കാണാതെ പോയ ആടുകളുടെ അടുക്കൽ ചെല്ലണം. ഞാൻ എന്റെ യേശുവിന്റെ പക്ഷക്കാരിയാണ്. യേശു എനിക്കു തന്ന വരങ്ങൾ ഞാൻ ഉപയോഗിക്കുന്നു. കഷ്ടങ്ങളിൽ എന്റെ കർത്താവു ഏറ്റവും അടുത്ത തുണയാണ്. ഒരു ഗവണ്മെന്റിനും ദൈവത്തിനെതിരായി പ്രവർത്തിക്കുവാൻ സാധ്യമല്ല എന്നു ഞാൻ വിശ്വസിക്കുന്നു. രണ്ടായിരം വർഷങ്ങൾക്കു മുമ്പ് നീതിമാനും നിരപരാധിയുമായ രാജാവിനോടു ചെയ്തത് ഓർക്കുക. ഇന്ന് ക്രിസ്ത്യാനികളുടെ നീതിക്കുവേണ്ടി വാദിക്കുന്നവർ അന്നു

ണ്ടായിരുന്നെങ്കിൽ അടിപിടി, കൊടിപിടി ഇതെല്ലാം അവർ ചെയ്യുമായിരുന്നു. ഇന്നു വേണ്ട കാര്യങ്ങൾക്കു കൊടിപിടിക്കാൻ ആളില്ല.

മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല എന്നുകണ്ട ദൈവം തുണയായി ഒരു സ്ത്രീയെയാണു കൊടുത്തത്. എന്നാൽ ഇന്നാകട്ടെ, പുരുഷനു പുരുഷനും സ്ത്രീക്കു സ്ത്രീയും മതി. സോദോം ഗൊമോറയെ നശിപ്പിച്ച ദൈവത്തിന്റെ ക്ഷമയെ പരിശോധിക്കയാണിന്ന്. മനുഷ്യനെക്കുറിച്ചുള്ള ദൈവികപദ്ധതി സ്ത്രീപുരുഷ ബന്ധമാണ്. മനുഷ്യോത്പത്തിയുടെ ആരംഭത്തിലേ അതായിരുന്നു ദൈവോദ്ദേശ്യം. 'പുരുഷൻ അപ്പനെയും അമ്മയെയും വിട്ടുപിരിഞ്ഞു ഭാര്യയോടു (സ്ത്രീ) പറ്റിച്ചേരും; അവർ ഏകദേഹമായി തീരും' (ഉത്പത്തി 2: 24). ഇതിലുപരി എന്താണു നാം ആഗ്രഹിക്കുന്നത്? നാശത്തിന്റെ ആരംഭം തുടങ്ങിയിരിക്കുന്നു. കർത്താവ് എഴുന്നേല്ക്കാറായി. എവിടെത്തിരിഞ്ഞൊന്നു നോക്കിയാലും അവിടെല്ലാം അനീതി മാത്രമാണ്. ഇനിയും കർത്താവു മടങ്ങിവരാതെയും രാജ്യഭാരം ഏല്ക്കാതെയും നീതി ഉണ്ടാക്കുവാൻ നോക്കുന്ന വിശ്വാസികളായ നാമം മണ്ടന്മാരത്രേ. നീതിയുള്ള ഒരാൾ ഇവിടെയുണ്ടെങ്കിൽ അദ്ദേഹത്തെ വച്ചുപുലർത്തുകയില്ല. ആട്ടിപ്പായിക്കും. എന്നാൽ കർത്താവിന്റെ ഭരണകാലത്ത് അതാരും പ്രതീക്ഷിക്കേണ്ടാ. അനീതികൊണ്ട് ഇന്നു സത്യത്തെ തടുത്തിരിക്കുന്നു. പതിനായിരങ്ങൾ ഒത്തുശ്രമിച്ചാലും പരിഹരിക്കപ്പെടാത്ത അനീതി കൊടികുത്തി വാഴുന്നു: കർത്താവിന്റെ കോപം ജ്വലിപ്പിക്കുന്നതിനാൽ നാമാരും പ്രയാസപ്പെടേണ്ടതില്ല. ഒരു ചെറിയ തെറ്റു പോലും കർത്താവിന്റെ കോടതിയിൽ ശിക്ഷിക്കപ്പെടാതെ വിടുകയില്ല. എനിക്കും കിട്ടേണ്ടതു കിട്ടും.

വിശ്വാസവീരന്മാരുടെ ഒരു നീണ്ട പട്ടിക എബ്രായലേഖനം 11-ാം അദ്ധ്യായത്തിൽ കാണുന്നു. അവർ അനുഭവിച്ച കഷ്ടപ്പാടുകൾ ചിന്തിക്കുക. ഒന്നാം നൂറ്റാണ്ടിൽ യോഗ്യമല്ലാത്ത ലോകം എങ്ങനെ ഇരുപത്തൊന്നാം നൂറ്റാണ്ടിൽ യോഗ്യമാകും? ആമേൻ, കർത്താവായ യേശുവേ, വേഗം വരേണമേയെന്നു വിശ്വാസികൾ പ്രാർത്ഥിക്കുക. അവിടത്തെ വരവിനെ ബദ്ധപ്പെടുത്തുക. ക്രിസ്തുവിന്റെ ന്യായാസനം ഉണ്ടെന്നു വിശ്വാസി വിശ്വസിച്ച് പ്രവർത്തിക്കുമെങ്കിൽ അതാണ് ക്രിസ്തീയജീവിതം. വേദപുസ്തകവ്യവസ്ഥ അതേപടി പാലിക്കുക. ദൈവത്തെ ഭയപ്പെടുക. മനുഷ്യന്റെ സഹായം വ്യർത്ഥമത്രേ. നീതിമാനായ ദൈവത്തോടു യാചിക്കുക. ഒരു മനുഷ്യന്റെയും സഹായം വിശ്വാസി തേടരുത്. അതേ സമയം കർത്തവ്യങ്ങൾ നിറപടിയായി നിർവ്വഹിച്ചിരിക്കണം. വിശ്വാസിക്കു വേണ്ടി വാദിക്കുന്ന ഒരു നല്ല

വക്കീൽ നമുക്കുണ്ട്. നമ്മുടെ പ്രശ്നങ്ങൾ ആ വക്കീലിനോടു പറയുക.

മനുഷ്യനിൽ ആശ്രയിക്കുന്നതിനെക്കാൾ യഹോവയിൽ ആശ്രയിക്കുന്നതു നല്ലതു. പ്രഭുക്കന്മാരിൽ ആശ്രയിക്കുന്നതിനേക്കാൾ യഹോവയിൽ ആശ്രയിക്കുന്നതു നല്ലതു (സങ്കീ. 118: 8.9).

ആദിമനൂറ്റാണ്ടിലെ സ്ഥിതി വന്നാൽ വിശ്വാസികൾ തീർച്ചയായും അതിൽകൂടി കടന്നുപോകേണം. നീതിമാനായ കർത്താവ് മൗനമായി ന്യായാസനത്തിൻമുമ്പാകെ നിന്നതാണ്. ഒരു കുറ്റവും കണ്ടെത്താൻ കഴിയാഞ്ഞതിനാൽ തന്നെത്താൻ രാജാവാക്കി എന്നു കൂറ്റസംഗതിയും മുകളിൽ എഴുതിവച്ചു: 'യഹൂദന്മാരുടെ രാജാവ്'. യഹൂദന്മാരുടെ രാജാവു ജനിച്ചിട്ടില്ലെന്നു വിശ്വസിച്ച് യേശുവിനെ ക്രൂശിച്ച തന്റെ സ്വന്തജനം ഇന്ന് യേശുക്രിസ്തുവിന്റെ പേരിൽ ടൂറിസം നടത്തി പണം ഉണ്ടാക്കുന്നു. ടൂറിസം വളർത്തുവാനും ആളുകളെ സംഘടിപ്പിക്കുവാനും ക്രിസ്തീയ ഏജന്റുമാർ ധാരാളം. യേശു ജനിച്ചിട്ടില്ലെന്നു അവകാശപ്പെടുന്നവർ ആ ജനിക്കാത്ത യേശുവിന്റെ പേരിൽ പണം സമ്പാദിക്കുന്നതിനെ വിശ്വാസികൾ പ്രോത്സാഹിപ്പിക്കുന്നതു ശരിയാണോ? ചിന്തിക്കുക.

അതുപോലെ ക്രിസ്ത്യാനികൾക്കുള്ള മേലേഴുത്താണ് നിർബ്ബന്ധിത മതപരിവർത്തനം എന്നത്. നിർബ്ബന്ധമതപരിവർത്തനമാണെങ്കിൽ, ഈ പരാതിക്കാരും ഇതിനകം നിർബ്ബന്ധത്താൽ മതം മാറിയിരിക്കുമല്ലോ? നാം ഇന്ന് അഭിമുഖീകരിക്കുന്നതൊന്നും അസാധാരണ സംഗതികളല്ല. കഷ്ടത ഒരു വരമാണ്. അതു സഹിപ്പാനുള്ള കൃപയ്ക്കായി നമ്മുടെ കർത്താവിനോടു പ്രാർത്ഥിക്കാം. ദൈവം നമ്മെ സഹായിക്കട്ടെ.

**അന്നമ്മ സി. ജോൺ**

---

*പേജ് 11 ന്റെ തുടർച്ച (ഉൾമുറിയിലെ പതിയിരിപ്പുകാർ)*

കരുതിയിരുന്നുവെങ്കിൽ കർത്താവു കേൾക്കയില്ലായിരുന്നു" സങ്കീ. 66:18 എന്നും തിരുവചനം നമുക്കു മുന്നറിയിപ്പു നല്കുന്നു. ഉൾമുറിയിലെ പതിയിരുപ്പുകാരുടെ ദുരുദ്ദേശ്യങ്ങളും ചതിവും ദ്രവ്യാഗ്രഹവും എല്ലാം നീക്കിക്കളഞ്ഞ് ഹൃദയപൂർവ്വം മറ്റുള്ളവരെ സ്നേഹിക്കുവാനും കരുതുവാനും നമുക്കു ഇടയാകണം. നമ്മുടെ പ്രവൃത്തിയെയല്ല അതിന്റെ പിന്നിലെ ഉദ്ദേശ്യശുദ്ധിയും മനോഭാവവുമാണ് ദൈവം ശോധന ചെയ്യുകയും കണക്കിടുകയും ചെയ്യുന്നതെന്നറിഞ്ഞ് ഹൃദയപൂർവ്വം സത്യം സംസാരിക്കാം. ദൈവം കൃപ നല്കട്ടെ.

**ജെസ്സി ബെൻസെൻ, കൊച്ചി**

# സ്വത്തിന് അവകാശി

'ഒരു പിതാവ് തന്റെ നാലു മക്കളിൽ ആരാണ് ഭാവിയിൽ തന്റെ സ്വത്തിന്റെ അവകാശി ആയിരിക്കേണ്ടത് എന്നറിവാൻ ഒരു പരീക്ഷണം നടത്തി. മക്കൾക്കു ഓരോ കുട്ട ഗോതമ്പു നല്കിയശേഷം അദ്ദേഹം പറഞ്ഞു: ഞാൻ തീർത്ഥാടനത്തിനു പോകുകയാണ്. നാലു വർഷം കഴിഞ്ഞ് മടങ്ങിയെത്തും. അപ്പോൾ ഇതു തിരിച്ചേല്പിക്കണം. അപ്പനു ബുദ്ധിഭ്രമം സംഭവിച്ചതാണെന്നു കരുതി ഒന്നാമൻ അവ എറിഞ്ഞു കളഞ്ഞു. സൂക്ഷിക്കാനുള്ള ബുദ്ധിമുട്ടു മനസ്സിലാക്കി രണ്ടാമൻ അതു പാകംചെയ്തു ഭക്ഷിച്ചു. മൂന്നാമൻ മുറിക്കുള്ളിൽ സൂക്ഷിച്ചു. നാലാമൻ പാടത്തു വിതെച്ചു. വിളവെടുത്തു പല തവണ കൃഷിചെയ്തു. നാലു വർഷം കഴിഞ്ഞ് അപ്പൻ തിരിച്ചുവന്നു. അപ്പോൾ ആദ്യത്തെ മൂന്നു പേർക്കും തിരിച്ചേല്പിക്കാൻ ഒന്നും ഇല്ലായിരുന്നു. നാലാമത്തവൻ നൂറു കുട്ട ഗോതമ്പ് നല്കി കാര്യങ്ങളെല്ലാം വിശദീകരിച്ചു. അവൻ സ്വത്തിന്നവകാശിയായി.

വിതയറിയാത്തവനു വിത്തെന്തിന്? ഉപയോഗമെന്തെന്നറിയാത്ത വരുടെ കൈയിൽ കിട്ടുന്ന വസ്തുക്കളുടെ ഭാവി ശൂന്യമായിരിക്കും. ലഭിക്കുന്ന വിഭവങ്ങളെ അവഗണിക്കുക എന്നതാണ് ഒന്നാമൻ ചെയ്ത ഗുരുതര പിഴവ്. രണ്ടാമനോ വിത്തെടുത്തു വിശപ്പു മാറ്റുന്നു. താൽ ക്കാലിക സംതൃപ്തിയിൽ മതിമറക്കുന്നു. അരക്ഷിതാവസ്ഥയെ ഭയ പ്പെടുന്നു എന്നതാണ് മൂന്നാമത്തവന്റെ അബദ്ധം. നാലാമത്തവൻ വിത്തിന്റെ വിലയറിഞ്ഞു ബുദ്ധിപരമായി പെരുമാറി. എന്തൊക്കെ ഉത്പാദിപ്പിച്ചു, അത് എത്ര പേർക്കു പ്രയോജനപ്പെട്ടു എന്നുള്ളതാണ് ജീവിതം അളക്കുന്നതിനുള്ള മാനദണ്ഡം' (കടപ്പാട് മലയാള മനോരമ ദിനപ്പത്രം ശുഭദിനം).

ഈ കഥയിൽ നാലുപേരും പിതാവിന്റെ മക്കളാണ്. ആ പദവിക്കു യാതൊരു മാറ്റവുമില്ല. എന്നാൽ നാലാമനൊഴികെ മറ്റു മൂന്നുപേരും ബുദ്ധിപരമായി തക്കസമയത്തു വേണ്ടതു ചെയ്യാൻ അറിയാത്ത വരാണ്. ദൈവവചനവും ഇപ്രകാരം പറയുന്നു: 'ആകയാൽ സുക്ഷ്മ ത്തോടെ, അജ്ഞാനികളായിട്ടല്ല ജ്ഞാനികളായിട്ടത്രേ നടപ്പാൻ നോക്കുവിൻ...... ബുദ്ധിഹീനരാകാതെ കർത്താവിന്റെ ഇഷ്ടം ഇന്ന തെന്നു ഗ്രഹിച്ചുകൊൾവിൻ' (എഫെ.5:15-18). പ്രിയ ദൈവമക്കളേ നാമും സ്വർഗ്ഗീയ പിതാവിന്റെ മക്കളാണ്. ഇന്നു നാം ഭൂമിയിൽ ആയിരിക്കു മ്പോൾ നമുക്കു ചെയ്യുവാൻ ചില ചുമതലകൾ ദൈവം ഏല്പിച്ചിട്ടുണ്ട്. സ്വർഗ്ഗസ്ഥനായ പിതാവ് നമ്മെ ഏല്പിച്ചിരിക്കുന്ന വിത്താണ് ദൈവ

വചനം. അതിന്റെ വിലയറിയാതെ അത് നാം അവഗണിച്ചു കളഞ്ഞാൽ നമുക്കു കർത്താവിൽ നിന്നു ലഭിപ്പാനുള്ള പ്രതിഫലം നഷ്ടപ്പെടും. നാം അറിഞ്ഞിരിക്കുന്ന രക്ഷയുടെ വചനം (സുവിശേഷം) മറ്റുള്ള വരോടു പറഞ്ഞ് അവരെക്കൂടി ദൈവരാജ്യത്തിന്നവകാശികളാക്കുന്ന പ്രവൃത്തിയാണ് വിത.

നമ്മുടെ കർത്താവും ഇത്തരത്തിലുള്ള ഒരു ഉപമ തന്റെ ശിഷ്യ ന്മാരോടു പറഞ്ഞിട്ടുണ്ട്. വിതെക്കാൻ പുറപ്പെട്ടവന്റെ ഉപമ (മത്താ. 13:39). സ്വർഗ്ഗരാജ്യത്തിന്റെ മർമ്മങ്ങളാണ് യേശുകർത്താവ് ഉപമയിലൂടെ തന്റെ ശിഷ്യന്മാർക്കു വെളിപ്പെടുത്തി കൊടുത്തത്. കർത്താവിന്റെ ഒരു അഭ്യസനരീതി (teaching method) ആയിരുന്നു ഉപമകൾ (Parables). നമ്മുടെ ചുറ്റുപാടും നടക്കുന്ന ചില പ്രവർത്തനരീതികളോട് സ്വർഗ്ഗീയമാ യതിനെ ബന്ധപ്പെടുത്തി പറയുന്ന ആഖ്യാനരീതിയാണ് parables. പഴയ നിയമത്തിലും ഈ രീതിയിലുള്ള പ്രയോഗം കാണാം. നാഥാൻ പ്രവാ ചകൻ, ദാവീദുരാജാവ് ചെയ്ത തെറ്റ് മനസ്സിലാക്കിക്കൊടുക്കുവാൻ ഒരു നിർദ്ധന കുടുംബം വളർത്തുന്ന ആടിന്റെ കഥയാണ് പറഞ്ഞത്.

കർത്താവു പറഞ്ഞ ഉപമയിൽ വിത്ത് ദൈവവചനം. വിതയ്ക്കുന്ന വൻ ദൈവം. ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണശേഷം ഈ വിത്ത് വിതയ്ക്കുന്നത് ദൈവമക്കളാണ്. നിലം വചനം കേൾക്കുന്നവരുടെ ഹൃദയങ്ങൾ. നമ്മുടെ കഥയിലെ പിതാവ് ദൈവത്തിന്റെ സ്ഥാനം വഹി ക്കുന്നു. മക്കൾ നാലു പേരും നാലു തരം മനുഷ്യഹൃദയങ്ങൾക്കു ദൃഷ്ടാ ന്തം. ഒന്നാമത്തേവന്റെ ഹൃദയം ഒരുക്കപ്പെടാത്തത്. അത് കഠിനഹൃദയം. അവന് വിതയറിയില്ല. അതിന്റെ വിലയറിയില്ല. അവൻ അത് എറിഞ്ഞുകളഞ്ഞു. അത് കർത്താവു പറഞ്ഞ ഉപമയിലെ വഴിയരികിൽ വീണ വിത്തിനു സമം. പറവകൾ വന്ന് അതു തിന്നു കളഞ്ഞു. അതിന്റെ സാരം കർത്താവു പറഞ്ഞത്: ഒരുത്തൻ രാജ്യത്തിന്റെ വചനം (സുവി ശേഷം) കേട്ടിട്ടു ഗ്രഹിക്കാഞ്ഞാൽ ദുഷ്ടൻ വന്ന് അവന്റെ ഹൃദയത്തിൽ വിതയ്ക്കപ്പെട്ടത് എടുത്തുകളയുന്നു. രണ്ടാമത്തവൻ പാകം ചെയ്തു ഭക്ഷിച്ചു. അത് പാറസ്ഥലത്തുവീണ വിത്തിനു തുല്യം. കാരണം അവൻ ഉടനെ എറിഞ്ഞു കളഞ്ഞില്ല. അപ്പൻ വരുന്നതുവരെ സൂക്ഷിച്ചു വയ്ക്കാനുള്ള ബുദ്ധിമുട്ട് മനസ്സിലാക്കി പാകം ചെയ്തു ഭക്ഷിച്ചു. പാറ സ്ഥലത്തു വീണ വിത്ത് മണ്ണിനു താഴ്ചയില്ലായ്കയാൽ ക്ഷണത്തിൽ മുളച്ചുവന്നു. സുര്യൻ ഉദിച്ചപ്പോൾ ചുടു തട്ടി വേരില്ലായ്കയാൽ അത് ഉണങ്ങിപ്പോയി. ഒരുത്തൻ വചനം കേട്ടിട്ട് ഉടനെ സന്തോഷത്തോടെ കൈക്കൊള്ളുന്നു. എങ്കിലും വേരില്ലായ്കയാൽ അവൻ ക്ഷണികനത്രേ. വചനം നിമിത്തം ഞെരുക്കമോ ഉപദ്രവമോ നേരിട്ടാൽ അവൻ ക്ഷണ ത്തിൽ ഇടറിപ്പോകുന്നു. മൂന്നാമൻ മുറിക്കുള്ളിൽ സൂക്ഷിച്ചു വെച്ചു.

വിത്ത് സൂക്ഷിച്ചു വെച്ചാൽ നാലു വർഷം വരെ കേടുകൂടാതെ ഇരിക്കില്ല. അത് ചെറു പ്രാണികൾ തിന്നു കൃമിച്ചു പോയതിനാൽ അത് ഉപയോഗശൂന്യമായിത്തീരുന്നു. അത് കർത്താവിന്റെ ഉപമയിലെ മുള്ളിന്നിടയിൽ വീണ വിത്തിനു സമം. ഒരുത്തൻ വചനം കേൾക്കുന്നു എങ്കിലും ഈ ലോകത്തിന്റെ ചിന്തയും ധനത്തിന്റെ വഞ്ചനയും വചനത്തെ ഞെരുക്കീട്ടു നിഷ്ഫലമായി തീരുന്നതാകുന്നു. നാലാമത്തവൻ വിത്തു കൃഷി ചെയ്തു. സമൃദ്ധിയായി വിളഞ്ഞു. തന്റെയും തന്റെ കുടുബത്തിന്റെയും ആവശ്യം കഴിഞ്ഞ് നൂറു കുട്ട ഗോതമ്പ് അപ്പനെ തിരികെ ഏല്പിക്കാനും സാധിച്ചു. അത് നല്ല നിലത്തു വീണ വിത്തിനു തുല്യം. അതിന്നർത്ഥം ഒരുവൻ വചനം കേട്ടുഗ്രഹിക്കുന്നത് ആകുന്നു. അതു വിളഞ്ഞു നൂറും അറുപതും മുപ്പതും മേനി നല്കുന്നു. അത് അവനും അവന്റെ കുടുംബത്തിനും മാത്രമല്ല മറ്റുള്ളവർക്കും ആത്മികാഹാരമായിത്തീരുന്നു.

കർത്താവു പറഞ്ഞ ഉപമയിൽ വഴിയരികിൽ വീണ വിത്തു മാത്രമേ മുളയ്ക്കാതിരുന്നുള്ളു. മറ്റുള്ളതെല്ലാം മുളച്ചു. ഫലം തന്നത് നല്ല നിലത്തു വീണതു മാത്രം. നല്ല നിലം എന്നു പറഞ്ഞാൽ വിത നടത്തുവാനായി ഒരുക്കപ്പെട്ട നിലം. അതുപോലെതന്നെ വചനം സ്വീകരിപ്പാനായി ഒരുക്കപ്പെട്ട ഹൃദയത്തിൽ വീണ ദൈവവചനം മാത്രമേ ഫലം പുറപ്പെടുവിക്കുന്നുള്ളു. അതിനർത്ഥം മാനസാന്തരം കൊണ്ടു മാത്രം സ്വർഗ്ഗരാജ്യത്തിൽ കടക്കാൻ സാദ്ധ്യമല്ല. മാനസാന്തരം എന്നു പറഞ്ഞാൽ മനസ്സിനുണ്ടാകുന്ന ഒരു മാറ്റം മാത്രമാണ്. അത് താത്ക്കാലികമാണ്. ഫലപ്രാപ്തിയിലെത്തുന്നില്ല. എന്നാൽ വീണ്ടുംജനനം. (പുതുജനനം) പ്രാപിച്ചാൽ മാത്രമേ ഒരുവൻ സ്വർഗ്ഗരാജ്യത്തിന്റെ അവകാശി ആയിത്തീരുകയുള്ളു. പുതുതായി ജനിച്ചില്ല എങ്കിൽ സ്വർഗ്ഗരാജ്യം കാണ്മാൻ ആർക്കും കഴികയില്ല എന്നാണ് കർത്താവ് പറഞ്ഞത് (യോഹ.3:3). മനുഷ്യന്റെ ആദ്യനാളുകൾ അമ്മയുടെ ഉദരത്തിലാണല്ലോ. അവിടെ ജീവിച്ചത് ശിഷ്ടായുസ്സ് ഭൂമിയിൽ ജീവിക്കുവാനുള്ള ആരോഗ്യം പ്രാപിപ്പാനാണ്. അതുപോലെ ഒരുവന്റെ ഹൃദയത്തിൽ വീഴുന്ന ദൈവവചനം പരിശുദ്ധാത്മാവിനാൽ ക്രിയ ചെയ്ത് വീണ്ടും ജനനം ഉണ്ടാകുന്നു. അതത്രേ വെള്ളത്താലും ആത്മാവിനാലും ഉള്ള ജനനം. ഈ ജനനം പ്രാപിച്ചവർക്കു മാത്രമേ സ്വർഗ്ഗരാജ്യത്തിൽ ജീവിക്കാൻ സാധിക്കയുള്ളു.

ദൈവവചനത്തെയാണ് വിത്തിനോടുപമിച്ചിരിക്കുന്നത്. എന്നാൽ യോഹന്നാൻ വചനത്തെ ദൈവമായിട്ടാണു പറഞ്ഞിരിക്കുന്നത്. വചനം ദൈവമായിരുന്നു (യോഹ. 1:1). അതായത് വചനം വിതയ്ക്കുക എന്നു പറഞ്ഞാൽ യേശു കർത്താവിനെക്കുറിച്ചുള്ള നല്ല വിശേഷം അറിയിക്കുക

എന്നാണ്. അതത്രേ സുവിശേഷം. ഇന്നു ധാരാളം വിത നടക്കുന്നുണ്ട്. എന്നാൽ അവയിൽ കൂടുതലും വഴിയരികിലും പാറസ്ഥലത്തും മുള്ളിന്നിടയിലുമാണു വീഴുന്നത്. നല്ല നിലത്തു വീഴുന്നതു ചുരുക്കം.

വിത്തു വിതയ്ക്കുക എന്നത് ഏറ്റവും ഉത്തമമായ ഒരു തൊഴിലാണ്. അതിലുപരി വലുതായ പ്രതിഫലം, വർഷം തോറും വർദ്ധിക്കുന്ന പ്രതിഫലം ലഭിക്കുന്ന തൊഴിൽ. മറ്റൊരു പ്രത്യേകത വചനമാകുന്ന വിത്തു വിതയ്ക്കാൻ പ്രായമോ ആരോഗ്യമോ ഒന്നും പ്രത്യേകമായി ആവശ്യമില്ല. ഒരു കൊച്ചു കുട്ടിക്കും അറിഞ്ഞിരിക്കുന്ന സത്യം മറ്റുള്ളവരോടു പറയാം. വൃദ്ധനും അതുപോലെതന്നെ ഈ വിത്തു വിതയ്ക്കാം. വാർദ്ധക്യത്തിലും ഫലം കായ്ക്കും എന്നാണല്ലോ തിരുവചനം (സങ്കീ.92:14). രോഗിക്കും തന്റെ കിടക്കയിൽ കിടന്നുകൊണ്ടു തന്നെ തന്റെ സന്ദർശകരോട് കർത്താവിനെപ്പറ്റി പറയാം. ഒരുവന് വിതയ്ക്കാൻ പ്രാപ്തിയില്ലെങ്കിൽ മറ്റുള്ളവരെ അതിനു സഹായിക്കാം. യിസ്രായേൽജനം അമാലേക്യരോടു യുദ്ധം ചെയ്തപ്പോൾ യോശുവ പട നയിച്ചു. മോശെ അവർക്കു വേണ്ടി കൈകൾ ഉയർത്തി പ്രാർത്ഥിച്ചു. ദൈവത്തിന്റെ വടിയും മോശെ കൈയിൽ പിടിച്ചിരുന്നു. വടി ദൈവവചനത്തെ സൂചിപ്പിക്കുന്നു. മോശെയുടെ കൈകൾക്കു ഭാരം തോന്നിയപ്പോൾ അഹരോനും ഹൂരും മോശെയുടെ കൈകൾ താങ്ങി. മോശെയുടെ കൈകൾ ഉയർന്നിരുന്നതുകൊണ്ട് ജയം യിസ്രായേലിന്ന് (പുറ. 17:9-16). അതിനർത്ഥം മടുത്തുപോകാതെ വിജയം നേടുന്നതുവരെ പ്രാർത്ഥിക്കുക. പ്രാർത്ഥനയിൽ തളർന്നു പോകുന്നവരെ കൈത്താങ്ങൽ കൊടുത്തു സഹായിക്കുക. പ്രാർത്ഥന എപ്പോഴും ദൈവവചനത്തിന്റെ പിൻബലത്തിൽ ആയിരിക്കണം.

**വിതയ്ക്കുന്നവന്റെ ഉപമയിലൂടെ ദൈവം നമുക്കു തരുന്ന പാഠം:**

വിത്തു വിതയ്ക്കണമെങ്കിൽ അപ്പത്തിന്റെ രുചി അറിയണം. വിത്തു കൈവശമുണ്ടായിരിക്കണം. നിലം ഒരുക്കുവാൻ കഠിനാദ്ധ്വാനം ആവശ്യമാണ്. വിതയ്ക്കുന്നത് നല്ല വിളവു ലഭിക്കാനാണ്. അതിനായി കർഷകൻ ക്ഷമയോടെ കാത്തിരിക്കണം. വിതയുണ്ടെങ്കിൽ കൊയ്ത്തുമുണ്ട്. വിതപ്പാൻ കഴിയാത്ത ഒരു കാലം വരും. അതിനു മുമ്പ് ആവോളം വിതയ്ക്കുക. 'മനുഷ്യൻ വിതയ്ക്കുന്നതു തന്നെ കൊയ്യും. ജഡത്തിൽ വിതയ്ക്കുന്നവൻ ജഡത്തിൽനിന്നു നാശം കൊയ്യും. ആത്മാവിൽ വിതയ്ക്കുന്നവൻ ആത്മാവിൽ നിന്നു നിത്യജീവനെ കൊയ്യും' (ഗലാ.6:8). എല്ലാ വിശ്വാസികളും ക്രിസ്തുവിന്റെ ന്യായാസനത്തിനു മുമ്പാകെ നില്ക്കേണ്ടിവരും. അന്നു ഓരോരുത്തൻ കണക്കു കൊടുക്കണം. ഓരോരുത്തന്നു അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം പ്രതിഫലം ലഭിക്കും (വെളി. 22:12).

**ജോയമ്മ സാംസൺ, കൊല്ലം**

# ഒരു ദൈവിക പദ്ധതിയുടെ പരിസമാപ്തി

പേർഷ്യൻ സാമ്രാജ്യാധിപനായിരുന്ന അഹശ്വേരോശിന്റെ രാജ്ഞിയായിരുന്ന വസ്ഥി അതിസുന്ദരിയായ ഒരു സ്ത്രീ ആയിരുന്നു. വസ്ഥി എന്ന വാക്കിന്റെ അർത്ഥം തന്നെ മനോഹരം (beautiful) എന്നാണ്.

ബി. സി. 486-ൽ ഹിന്തുദേശം മുതൽ കൂശ് വരെ വ്യാപിച്ചുകിടന്ന പേർഷ്യൻ സാമ്രാജ്യത്തിന്റെ അധിപനായിരുന്ന അഹശ്വേരോശ് 127 സംസ്ഥാനങ്ങളുടെ അധീശത്വം പുലർത്തിയിരുന്നു. ഇത്രമാത്രം പ്രബലനായ ഒരു രാജാവ് അഥവാ ചക്രവർത്തി തന്റെ വാഴ്ചയുടെ മൂന്നാം ആണ്ടിൽ തന്റെ സകലപ്രഭുക്കന്മാർക്കും സംസ്ഥാനാധിപന്മാർക്കും ദേശാധിപതികൾക്കും മറ്റുമായി 180 ദിവസത്തെ ആഘോഷപരിപാടികൾ സംഘടിപ്പിക്കുകയും അതിന്റെ അവസാനത്തിൽ ഏഴുദിവസത്തെ അതിവിപുലമായ ഉദ്യാനവിരുന്ന് നടത്തുകയും ചെയ്തു. അഹശ്വേരോശ് രാജാവിന്റെ സകല പ്രതാപവും പ്രസ്പഷ്ടമാക്കുന്ന പരിപാടികളായിരുന്നു ആ ദിവസങ്ങളിൽ ശൂശൻ രാജധാനിയിൽ നടന്നിരുന്നത്.

സൽക്കാരങ്ങളുടെ ഏതാണ്ട് സമാപനമായപ്പോഴേക്കും രാജാവും മഹത്തുക്കളും മാത്രമല്ല, വിരുന്നിൽ പങ്കെടുത്ത മിക്കവാറും എല്ലാവരും തന്നെ ഏഴുദിവസത്തെ തുടർച്ചയായ അതിഭക്ഷണവും മദ്യപാനവും നിമിത്തം ഏതാണ്ട് അർദ്ധബോധാവസ്ഥയിലെത്തിക്കാണുമെന്നു കരുതാം. ഇപ്രകാരമുള്ള അവസ്ഥയിലാണ് തന്റെ അതിസുന്ദരിയായ രാജ്ഞിയെ സന്നിഹിതരായിരുന്ന ജനസഹസ്രങ്ങൾക്കു മുമ്പിൽ ഒരു പ്രദർശന വസ്തുവാക്കാൻ രാജാവ് തീരുമാനിച്ചതും അതിനുവേണ്ടി ക്ഷണിച്ചതും. എന്നാൽ മദ്യപിച്ച് മദോന്മത്തരായ ആ ജനാവലിയുടെ മുമ്പിൽ പ്രത്യക്ഷപ്പെടാനോ തന്റെ സൗന്ദര്യം അവർക്ക് കാട്ടിക്കൊടുക്കാനോ വസ്ഥിരാജ്ഞിയുടെ ആത്മാഭിമാനം അവളെ അനുവദിച്ചില്ല. അതിന്റെ ഫലമോ? രാജ്ഞിസ്ഥാനത്തു നിന്നും രാജമന്ദിരത്തിൽ നിന്നും അവൾ എന്നെന്നേക്കുമായി നിഷ്ക്കാസിതയായി.

കേവലം യാദൃച്ഛികമെന്നു തോന്നാവുന്ന ചില സംഭവങ്ങളുടെ പരമ്പരയാണ് വിശുദ്ധവേദഗ്രന്ഥത്തിലെ എസ്ഥേറിന്റെ പുസ്തകം. ദൈവം എന്ന വാക്കോ അതിന്റെ പര്യായപദങ്ങളോ ഒരു പ്രാവശ്യം പോലും പറഞ്ഞിട്ടില്ലാത്ത ഈ പുസ്തകത്തിലെ സംഭവങ്ങൾ ആദിയോടന്തം

സർവ്വശക്തനും സർവ്വജ്ഞാനിയുമായ ദൈവത്തിന്റെ ബൃഹത്തായ കാര്യപരിപാടിയുടെ ഇണക്കിച്ചേർത്ത ഭാഗങ്ങൾ മാത്രമാണെന്ന് ഈ പുസ്തകം പഠിക്കുന്ന ഏവർക്കും മനസ്സിലാക്കാൻ സാധിക്കും.

കഥയുടെ ആരംഭം ഏതാണ്ട് 610 വർഷങ്ങൾക്കു മുമ്പാണ്. കനാൻ ദേശത്തും പരിസരപ്രദേശങ്ങളിലും വ്യാപിച്ചുകിടന്ന ഒരു നാടോടി ജനതയാണ് അമാലേക്യർ എന്ന പേരിൽ അറിയപ്പെട്ടിരുന്നത്. യിസ്രാ യേല്യർ മിസ്രയീമിൽനിന്നും വന്ന് കനാൻ ദേശത്തു വാസമുറപ്പിക്കു ന്നതിനുമുമ്പ് അനേകം സമ്മിശ്രജാതികളുമായി അവർക്കു പോരാടേണ്ടി വന്നു. അവരിൽ ഒട്ടുമുക്കാലും ആളുകളെ അവർ നിശ്ശേഷം ഉന്മൂലനം ചെയ്യുകയോ ചിലരെ എന്നെന്നേക്കുമായി തങ്ങളുടെ ദാസീദാസന്മാരാ ക്കിത്തീർക്കുകയോ ചെയ്യുകയുണ്ടായി. ഒരു അമാലേക്യ പ്രഭുവായ ആഗാഗിന്റെ നേതൃത്വത്തിൽ അമാലേക്യർ പ്രബലപ്പെടുകയും യിസ്രാ യേലിലെ ആദ്യത്തെ രാജാവായ ശൗലിന്റെ കാലത്തു യുദ്ധത്തിനൊരു ങ്ങുകയും ചെയ്തു.

അമാലേക്യരെ തോല്പിച്ച് പൂർണ്ണമായി ഉന്മൂലനം ചെയ്യണ മെന്നായിരുന്നു ശമൂവേൽ പ്രവാചകനിൽകൂടെ ശൗലിനു ലഭിച്ച നിർദ്ദേശം. എന്നാൽ ഈ നിർദ്ദേശം ശൗൽ പൂർണ്ണമായി പാലിക്കാതെ ആഗാഗിനെ ജീവനോടെ അവശേഷിപ്പിക്കയും ഒടുവിൽ ശമൂവേൽ പ്രവാചകൻതന്നെ ആഗാഗിനെ  തുണ്ടം തുണ്ടമായി വെട്ടിക്കളഞ്ഞതായും നാം വായിക്കുന്നു (1 ശമൂ.15:33) ഈ സംഭവത്തോടുകൂടി യിസ്രായേ ല്യരെ ആജന്മശത്രുക്കളായി ആഗാഗിന്റെ പിൻതുടർച്ചക്കാർ കരുതു കയും ഏതാണ്ട് 600 വർഷങ്ങൾക്കുശേഷം ആഗാഗ്യനായ ഹമ്മെദാ ഥയുടെ മകൻ ഹാമാൻ എന്നൊരുവനെ യിസ്രായേൽ ജനതയെ ആസ കലം കൊന്നുമുടിക്കുന്നതിനുവേണ്ടി സാത്താൻ നിയോഗിക്കയും ചെയ്തു. ഹിന്തുദേശം മുതൽ കൂശ് വരെ വ്യാപിച്ചുകിടന്ന 127 സംസ്ഥാ നങ്ങളുടെ സർവ്വാധിപതിയുടെ രണ്ടാമനായി ഹാമാൻ അവരോധിക്ക പ്പെട്ടപ്പോൾ സാത്താന്യനിയോഗം സാധിതപ്രായമാക്കുന്നതിനുള്ള സാദ്ധ്യതകൾ ഏറെക്കുറെ പൂർണ്ണമായി.

എന്നാൽ തന്റെ ജനത്തിനെതിരായുള്ള സാത്താന്യപ്രവർത്ത നങ്ങളെ കാലേക്കൂട്ടി കണ്ട സർവ്വജ്ഞനായ ദൈവം അപ്രതീക്ഷിതവും പരസ്പരബന്ധമുണ്ടെന്നു തോന്നാത്തതുമായ സംഭവപരമ്പരയിൽ കൂടെ പ്രതികൂലശക്തികളെ അമ്പേ പരാജയപ്പെടുത്തുന്ന ചരിത്രമാണ് എസ്ഥേറിന്റെ പുസ്തകത്തിലെ പ്രതിപാദ്യ വിഷയം. അഹശ്വേരോശ്

രാജാവിന്റെ അതിമഹത്തായ വിരുന്നു സൽക്കാരവും വസ്ഥിരാജ്ഞി യെ രാജസദസ്സിലേക്കു ക്ഷണിച്ചതും മാത്രമല്ല, രാജ്ഞി ആ ക്ഷണം നിരസ്സിച്ചതും തന്മൂലം രാജ്ഞിസ്ഥാനത്തുനിന്നും നിഷ്ക്കാസിതയാ കേണ്ടിവന്നതും ദൈവത്തിന്റെ കാര്യപരിപാടിയിൽ പെട്ടതായിരുന്നു. സൗന്ദര്യം മാത്രം കൈമുതലായുണ്ടായിരുന്ന ഹദസ്സ എന്ന യഹൂദബാ ലികയ്ക്ക് എസ്ഥേർ (A Star) എന്ന പേരിൽ അഹശ്വേരോശ് രാജാ വിന്റെ രാജ്ഞീപദം അലങ്കരിക്കുന്നതിനുള്ള ഭാഗ്യം ലഭിച്ചതു കൂടാതെ അവളുടെ ബന്ധുവും വളർത്തച്ഛനുമായ മൊർദ്ദെഖായിക്ക് രാജാവിന്റെ പടിവാതില്ക്കലിരിക്കാനുള്ള അവസരങ്ങളും ലഭിച്ചത് വസ്ഥിരാജ്ഞി യുടെ നിഷ്ക്കാസനം മൂലമാണല്ലോ. വാതിൽകാവല്ക്കാരായിരുന്ന ബിഗ്ദ്ധാൻ, തേരെശ് എന്നീ ഷണ്ഡന്മാർ രാജാവിനെതിരായി നടത്തിയ ഗൂഢാലോചനയെക്കുറിച്ച് മൊർദ്ദെഖായിക്ക് അറിയാൻ സാധിച്ചത് തന്റെ പടിവാതില്ക്കലെ ഇരുപ്പുകൊണ്ടു മാത്രമാണ്. വിവരം രാജാവിനെ അറിയിക്കുകയും ഷണ്ഡന്മാരെ ശിക്ഷിക്കുകയും ചെയ്തെങ്കിലും മൊർ ദ്ദെഖായിയുടെ സേവനം രാജാവ് മറന്നതും എന്തെങ്കിലും ഒരു പ്രതിഫലം തത്ക്കാലം ലഭിക്കാതിരുന്നതും കേവലം യാദൃച്ഛികമായി രുന്നില്ല. അവ ദൈവത്തിന്റെ മഹത്തായ പദ്ധതിയുടെ ഭാഗമായിരുന്നു വെന്ന് മനസ്സിലാക്കാൻ സാധിക്കും.

ഇതിനോടകം രാജാവിന്റെ ഏറ്റവും വിശ്വസ്തനും രാജ്യത്തിലെ രണ്ടാമനുമായിത്തീർന്ന ഹാമാൻ, രാജകൊട്ടാരത്തിന്റ പടിവാതില്ക്ക ലിരിക്കുന്ന മൊർദ്ദെഖായി എന്ന യെഹൂദൻ തന്നോടുകാണിക്കാറുള്ള അനാദരവുമൂലം അത്യന്തം പ്രകോപിതനാകുകയും ആ യഹൂദനെയും പേർഷ്യൻ സാമ്രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ ചിതറി പാർക്കുന്ന ആയിരക്കണക്കിനു യഹൂദന്മാരെയും ഒന്നടങ്കം ഉന്മൂലനം ചെയ്യുന്നതി നുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കയും ഒരു നിശ്ചിതദിവസം അത് നടപ്പാക്കുന്നതിനുള്ള കല്പന അഹശ്വേരോശ് രാജാവിനെകൊണ്ട് പുറ പ്പെടുവിക്കയും ചെയ്തു. ആയതിന്റ മുന്നോടിയായി മൊർദ്ദെഖായിയെ തൂക്കിലിടുന്നതിനുവേണ്ടി 50 മുഴം ഉയരമുള്ള ഒരു പ്രത്യേക കഴുമരം ശൂശൻ രാജധാനിയിൽ സജ്ജീകരിക്കയും ഉണ്ടായി.

എന്നാൽ ആ രാത്രിയിൽ ദൈവം അഹശ്വേരോശ് രാജാവിന്റെ ഉറക്കം കെടുത്തുകയും കൊട്ടാരത്തിൽ സൂക്ഷിച്ചിരുന്ന പഴയ ഡയറി ക്കുറിപ്പുകൾ വായിച്ചുകേൾക്കാൻ പ്രേരണ നല്കുകയും ചെയ്തു. മൊർദ്ദെഖായി ഒരിക്കൽ തന്റെ ജീവൻ രക്ഷിക്കുന്നതിനു മുഖാന്തരമായി ഭവിച്ചെന്നും ആയതിലേക്ക് ഒരു പ്രത്യുപകാരവും ചെയ്തിട്ടില്ലെന്നും

മനസ്സിലാക്കിയ രാജാവ് മൊർദ്ദെഖായിയെ തൂക്കിക്കൊല്ലുന്നതിനുള്ള അനുമതി നേടുന്നതിന് തന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ട അതേ ഹാമാനോട് മൊർദ്ദെഖായിയെ രാജവസ്ത്രം ധരിപ്പിച്ച്, രാജാവിന്റെ കുതിരപ്പുറത്തു കയറ്റി പട്ടണത്തിലൂടനീളം ബഹുമാനപുരസ്സരം കൊണ്ടുനടന്ന് ഉപചരിക്കുന്നതിനു നിർദ്ദേശിക്കയാണുണ്ടായത്.

കുടിലിൽനിന്ന് കൊട്ടാരത്തിലേക്ക് എന്നവണ്ണം പേർഷ്യൻ ചക്രവർത്തിയുടെ കൊട്ടാരത്തിന്റെ ഏഴകലത്തുപോലും പ്രവേശിക്കുന്നതിനു യോഗ്യതയില്ലാതിരുന്ന അനാഥബാലികയ്ക്ക് രാജാവിന്റെ പട്ടമഹിഷിയായി പരിലസിക്കുന്നതിനുള്ള വഴികൾ ഒരുക്കിയതും യഹൂദജനതയുടെ രക്ഷയ്ക്കുവേണ്ടി ദൈവം മുൻകൂട്ടിയുണ്ടാക്കിയ പദ്ധതി പ്രകാരമായിരുന്നെന്ന് അനന്തരസംഭവങ്ങൾ തെളിയിക്കുന്നു. മൊർദ്ദെഖായിക്കുവേണ്ടി ഹാമാൻ തയ്യാറാക്കിയ അതേ കഴുമരത്തിൽ ഹാമാന്റെ ശരീരം തൂങ്ങിയാടിയതും ഹാമാന്റെ എല്ലാ പുത്രന്മാരും നിഷ്ക്കരുണം കൊല ചെയ്യപ്പെട്ടതും യഹൂദജനതയെ രാജ്യവ്യാപകമായി കൊന്നുമുടിച്ച് ഉന്മൂലനം ചെയ്യാൻ പദ്ധതിയിട്ടിരുന്ന അതേദിവസം തന്നെ യഹൂദന്മാർ ഒന്നടങ്കം എഴുന്നേറ്റ് തങ്ങളുടെ ശത്രുക്കളോടു പൊരുതി അവരെ പരാജിതരാക്കിയതും ദൈവികകാര്യപരിപാടിയിൽ മുന്നിയമിച്ച സംഗതികളായിരുന്നുവെന്ന് നിസ്സംശയം പറയാം.

രാജാധിരാജനും കർത്താധികർത്താവും സർവ്വശക്തനും സർവ്വവ്യാപിയും, സർവ്വജ്ഞാനിയുമായ ദൈവത്തിന്റെ വഴികൾ എത്ര അഗോചരം! എത്ര അപ്രമേയം!

**ജോർജ് ജോൺ, തിരുവനന്തപുരം**

---

*പേജ് 20 ന്റെ തുടർച്ച (സൗദി അറേബ്യ തുറന്ന വാതിൽ)*

ഉടമ്പടിയല്ല നിങ്ങളുടെത്. ആയുസ്സു മുഴുവനും ക്രിസ്തുവിനെ സേവിക്കുവാൻ ക്ഷണിക്കപ്പെട്ട വ്യക്തിയാണ് നിങ്ങൾ. നിങ്ങളുടെ മുമ്പിലുള്ള വെല്ലുവിളികളും തുറിച്ചു നോക്കുന്ന പ്രശ്നങ്ങളും നിരവധി ആയിരിക്കാം. ഒരു പക്ഷേ പുറകോട്ടു നോക്കുവാനോ ആയുധംവച്ചിട്ടു തിരിഞ്ഞുനോക്കുവാനോ തോന്നിയേക്കാം. നിരവധി അവസരങ്ങൾ നിങ്ങളുടെ മുമ്പിൽ വരുവാൻ പോകുന്നു. ഈ കാർമേഘത്തിനു മുകളിൽ ആകാശം ശുഭ്രമാണ് കുതിച്ചുയരുക. പിന്മാറരുത്, വിട്ടുകളയരുത്, വിട്ടുകളയരുത് ആജീവനാന്തമുള്ള സമർപ്പണമത്രേ ഇത് എന്നും ഓർക്കുക. എന്റെ ശുശ്രൂഷയും സമർപ്പണവും ജീവപര്യന്തം.

**ഡോ. കുഞ്ഞുമോൻ ചാക്കോ, കോട്ടയം.**

**സുവിശേഷ പ്രവർത്തനത്തിൽ അരനൂറ്റാണ്ട് പിന്നിട്ട ഡോ. ചാൾസ് ജോണിനെ ഫെല്ലോഷിപ്പ് ഓഫ് ബാപ്റ്റിസ്റ്റ് ചർച്ചസ് ഇൻ കേരളയുടെ പേരിൽ റവ. ഏബ്രഹാം തോമസ് മെമെന്റോ നല്കി ആദരിക്കുന്നു.**



പണ്ഡിറ്റ് & മിസിസ്സ് എം. എം. ജോണിന്റെ മകനായി 1941-ൽ ജനിച്ചു. ഡിഗ്രി വിദ്യാഭ്യാസം കഴിഞ്ഞ് അമേരിക്കയിലേക്ക് കുടിയേറി. 1970 മുതൽ യുഎസ്എയിലെ ഇലിനോയി സംസ്ഥാനത്തുള്ള ഒരു ഗവണ്മന്റ് ആശുപത്രിയിൽ പ്രോഗ്രാം ഡയറക്ടർ ആയി സേവനം അനുഷ്ഠിച്ചു. 1974-ൽ പൂർണ്ണ സമയ സുവിശേഷ പ്രവർത്തനത്തിനുള്ള വിളി സ്വീകരിച്ചു. ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിലൂടെ ആയിരക്കണക്കിനു വിദ്യാർത്ഥികളെ കർത്താവിലേക്ക് നയിക്കുവാനും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ ലഘുലേഖകൾ പ്രസിദ്ധീകരിക്കുവാനും കഴിഞ്ഞു. 1980-ൽ തിരുവനന്തപുരത്ത് ഫസ്റ്റ് ബാപ്റ്റിസ്റ്റ് സഭ ആരംഭിച്ചു. തുടർന്ന് ചുള്ളിമാനൂർ, പേരയം എന്നീ സ്ഥലങ്ങളിലും സഭാപ്രവർത്തനം തുടങ്ങി. 1973ൽ യുഎസ്എയിലെ ഓളിവറ്റ് നാസറിൻ യൂണിവേഴ്സിറ്റിയിൽ നിന്ന് എം.എ.(റിലിജ്യൻ)യും 1985-ൽ ട്രിനിറ്റി തിയളോജിക്കൽ സെമിനാരിയിൽ നിന്ന് ഡോക്ടർ ഓഫ് തിയോളജിയും കരസ്ഥമാക്കി.

| | | |
|---|---|---|
| ഭാര്യ | : | അന്നമ്മ ചാൾസ് ജോൺ (പരേത) |
| മക്കൾ | : | വിനോദ്, പ്രമോദ്, പ്രദീപ് |
| മരുമക്കൾ | : | സൂസൻ, ഗ്രേസ്, പിയ |
| കൊച്ചുമക്കൾ | : | ദാനിയേൽ, ജോഷ്വാ, അജയ്, റോഹൻ ഹന്നാ, അക്ഷയ്, അഞ്ജലി |

Bible Quiz

## ഈ ലക്കം Quest 99 – ലെ ചോദ്യങ്ങൾ
## 1 ദിനവൃത്താന്ത പുസ്തകത്തിൽ നിന്നുമാണ്

1. ദാവീദ് പിടിച്ചടക്കിയ കോട്ട ഏത്?
2. എവിടെവച്ചാണ് ദാവീദ് ഫെലിസ്ത്യരെ തോല്പിച്ചത്?
3. യിസ്രായേലിന്റെ ആദ്യജാതൻ ആര്?
4. ആരാണ് ദൈവാലയത്തിന്റെ മാതൃക ശലോമോന് കൊടുത്തത്?
5. കർമ്മേല്ക്കാരിയായ അബീഗയിലിൽ ദാവീദിന് ജനിച്ച മകൻ ആര്?
6. ദൈവത്തിന്റെ പെട്ടകം ചുമക്കുവാനും തനിക്ക് ശുശ്രൂഷ ചെയ്യുവാനും യഹോവ തിരഞ്ഞെടുത്തത് ആരെ?
7. യിസ്രായേൽ ഫെലിസ്ത്യരുടെ മുമ്പിൽ നിന്ന് ഓടി നിഹതന്മാരായി വീണ പർവ്വതം ഏത്?
8. ദാവീദ് രാജാവിന്റെ രാജമിത്രം ആര്?
9. ദാവീദിന്റെ സേനാപതി ആര്?
10. രബ്ബാ പട്ടണം പിടിച്ച് നശിപ്പിച്ചത് ആര്?
11. "മന്ദിരം മനുഷ്യനല്ല യഹോവയായ ദൈവത്തിനത്രേ" എന്ന് പറഞ്ഞത് ആര്?
12. കീശിന്റെ മകനായ ശൗലിന്റെ നിമിത്തം ദാവീദ് ഒളിച്ചുപാർത്ത സ്ഥലം ഏത്?
13. കിര്യത്ത്-യെയാരീമിന്റെ മറുപേരെന്ത്?
14. അവന്റെ ദയ എന്നേക്കുമുള്ളത് എന്നിങ്ങനെ യഹോവയ്ക്കു സ്തോത്രം ചെയ്യുവാൻ നിയമിച്ചത് ആരെയെല്ലാം?
15. പുരോഹിതശുശ്രൂഷയ്ക്കായി ഒന്നാമത്തെ ചീട്ട് വീണത് ആർക്കാണ്?
16. യഹോവയ്ക്ക് യാഗപീഠം പണിയുവാൻ ആരുടെ നിലമാണ് ദാവീദ് വിലയ്ക്ക് വാങ്ങിയത്?
17. എന്റെ ദൈവമേ; നീ ഹൃദയത്തെ ശോധനചെയ്തു.............പ്രസാദിക്കുന്നു എന്നു ഞാൻ അറിയുന്നു.
18. ദാവീദ് എത്ര സംവത്സരം യെരൂശലേമിൽ വാണു?
19. ശൗലിന്റെ അസ്ഥികളെ കുഴിച്ചിട്ട സ്ഥലം ഏത്?
20. യഹോവയുടെ അരുളപ്പാടുകൾ അറിയിക്കുന്ന ദാവീദിന്റെ ദർശകൻ ആര്?

### പ്രത്യേക ശ്രദ്ധയ്ക്ക്

ക്വെസ്റ്റ് 99-ന്റെ ഉത്തരങ്ങൾ 2025 ഫെബ്രുവരി 28-നു മുമ്പായി
ഞങ്ങൾക്കു ലഭിക്കത്തക്കവിധം തപാൽവഴിയോ,
വാട്ട്സ് ആപ്പിലോ അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**വാട്ട്സ് ആപ്പ് നമ്പർ : 9087144349**

ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം :
Good News Educational Society,
P.O. Box 2501, M.C.P.O. Trivandrum - 695011

**Printed at Grace Printers, Muttada, Trivandrum (Mob: 9447059891)
for Good News Educational Society, P.O. Box 2501, M.C.P.O. Trivandrum 11**